# അദ്ധ്യായം ഏഴ്

# വേദപുസ്തകപരമായ വ്യാഖ്യാനം

**(Biblical Interpretation)**

പൗലോസ് തിമോഥിയോസിന് എഴുതി:

> നിന്നെത്തന്നേയും ഉപദേശത്തേയും സൂക്ഷിച്ചുകൊൾക; ഇതിൽ ഉറച്ചുനില്ക്ക; അങ്ങനെ ചെയ്താൽ നീ നിന്നേയും നിന്റെ പ്രസംഗം കേൾക്കുന്നവരേയും രക്ഷിക്കും (1 തിമോ 4:16).

ഒന്നാമതായി, ഓരോ ശുശ്രൂഷകനും ഈ ഉപദേശം ഹൃദയത്തിൽ സൂക്ഷിച്ച്, ശ്രദ്ധയോടെ സ്വയം സൂക്ഷിച്ച്, ദൈവികതയുടെ പ്രതീകമാണ് താനെന്ന് ഉറപ്പുവരുത്തണം.

രാമതായി, ഒരു ശുശ്രൂഷകൻ തന്റെ ഉപദേശത്തെ വളരെ ശ്രദ്ധയോട് ശോധനചെയ്യണം. കാരണം, പൗലോസ് മുകളിൽ ഉദ്ധരിച്ചതുപോലെ[33], തന്റേയും തന്നെ കേൾക്കുന്നവരുടേയും നിത്യമായ രക്ഷ ഈ ഉപദേശത്തിൽ അധിഷ്ടിതമായിരിക്കുന്നു. ഒരു ശുശ്രൂഷകൻ തെറ്റായ ഉപദേശ പ്രമാണം സ്വീകരിക്കുകയും, മറ്റുള്ളവരോടു സത്യം അറിയിക്കാതിരിക്കുകയും ചെയ്താൽ തനിക്കും മറ്റുള്ളവർക്കും ഒരുപോലെ അപകടം വിളിച്ചുവരുത്തുകയാണ്.

തിരുവചനവും, പരിശുദ്ധാത്മാവും ഒരു ശുശ്രൂഷകന് ആശ്രയിക്കാവുന്ന വഴികാട്ടികൾ ആയിരിക്കുന്നതുകൊ് തനിക്ക് തെറ്റായ നിയമപ്രമാണങ്ങൾ പഠിപ്പിക്കാൻ അവകാശമില്ല. വചനം പഠിക്കാതെ മറ്റുള്ള ശുശ്രൂഷകരെയും ശുശ്രൂഷയേയും അനുകരിക്കുന്നവർ തങ്ങളുടെ പ്രമാണത്തേയും ഉപദേശത്തെയും ബോധപൂർവ്വം തെറ്റിക്കുകയാണ്. ഇതിനെതിരെ സംരക്ഷണം ലഭിക്കുവാൻ ഒരുവന് രു ലക്ഷ്യം ഉായിരിക്കണം. 1) ദൈവത്തെ സന്തോഷിപ്പിക്കുക, 2) സ്വയം ശക്തി ആർജ്ജിക്കുന്നതിലുപരി കർത്താവിനുവേി നിലനിൽക്കാൻ ആളുകളെ തയ്യാറാക്കുക, വചനത്തിന്റെ ആഴങ്ങളെ വ്യക്തമായി പഠിച്ച് മറ്റാർക്കും കീഴ്പ്പെടാത്ത പരിജ്ഞാനം നേടേത് ആവശ്യമാണ്.

പൗലോസ് തിമോഥിയോസിന് എഴുതി:

---

33. അപ്പോസ്തലനായ പൗലോസ് വ്യവസ്തയ്ക്ക് വിധേയമല്ലാത്ത നിത്യസംരക്ഷണത്തിൽ വിശ്വസിച്ചിരുന്നില്ല. രക്ഷിക്കപ്പെട്ട് തിമോത്തിയോസിനോട് അവന്റെ രക്ഷ ഉറപ്പാക്കാൻ അവൻ ചിലത് ചെയ്യേതു് എന്ന് പൗലോസ് ഉപദേശിച്ചു.

സത്യവചനത്തെ യഥാർത്ഥമായി പ്രസംഗിച്ചുകൊ് ലജ്ജിപ്പാൻ സംഗ തിയില്ലാത്ത വേലക്കാരനായി ദൈവത്തിന്നു കൊള്ളാവുന്നവനായി നില്പാൻ ശ്രമിക്ക (2 തിമോ 2:15).

ദൈവവചനം വായിക്കുക, പഠിക്കുക, ധ്യാനിക്കുക – എന്ന പ്രക്രിയ ഒരു ശുശ്രൂഷകൻ നിരന്തരമായി അഭ്യസിക്കേതാണ്. യഥാർത്ഥമായി വചനം പഠിക്കുമ്പോൾ വചനത്തെ മനസ്സിലാക്കാൻ പരിശുദ്ധാത്മാവ് സഹാ യിക്കുകയും വചനത്തിന്റെ ആഴത്തേയും സത്യത്തേയും വ്യക്തമായി കൈകാര്യം ചെയ്യാൻ സഹായിക്കയും ചെയ്യും. വചനത്തെ തെറ്റായി വ്യാഖ്യാനിച്ച്, ജനത്തെ വഴിതെറ്റിക്കുന്ന രീതിയിൽ പഠിപ്പിക്കുന്നതാണ് ഇന്നത്തെ പ്രധാന പ്രശ്നം.

അപ്പോസ്തലനായ യാക്കോബ് മുന്നറിയിപ്പ് നൽകുന്നത് ശ്രദ്ധിക്കു ക.

സഹോദരന്മാരെ, അധികം ശിക്ഷാവിധിവരും എന്നു അറിഞ്ഞു. നിങ്ങളിൽ അനേകർ ഉപദേഷ്ടാക്കന്മാർ ആകരുത് (യാക്കോബ് 3:1).

ഒരു ഉപദേഷ്ടാവ് ദൈവവചനം വ്യാഖ്യാനിച്ച് ശുശ്രൂഷിക്കുന്നതിൽ അതീവ ശ്രദ്ധാലു ആയിരിക്കണം. വചനത്തിന്റെ ആഴവും ലക്ഷ്യവും അറിഞ്ഞ് അത് കൃത്യമായി ജനത്തിന് പങ്കുവെച്ചുകൊടുക്കണം.

വചനം വിവർത്തനം ചെയ്യുന്നത് മറ്റേതൊരു രചനയും വിവർത്തനം ചെയ്യുന്നതുപോലെയാണ്. ഒരു ഗ്രന്ഥകർത്താവിന്റെയോ പ്രസംഗകന്റെയോ ആശയങ്ങളെ വ്യക്തമായി മനസ്സിലാക്കാൻ, വിവർത്തനത്തിന്റെ നിയമങ്ങൾ അറിയുന്നതോടൊപ്പം സാമാന്യ ബുദ്ധിയും പ്രായോഗികമാക്കണം. തിരുവ ചനത്തിന് ആധാരമായ വിവർത്തനത്തിന്റെ മൂന്നു പൊരുളുകൾ നമുക്ക് നോക്കാം. 1) ബുദ്ധിപരമായ വായന, 2) സന്ദർഭം ഗ്രഹിച്ചുള്ള വായന, 3) സത്യസന്ധമായ വായന.

## നിയമം. 1: ബുദ്ധിപരമായ വായന. രചനാപരമായ രീതിയെ അവലം ഭിച്ച് വായിക്കുക, പ്രതികാത്മമായും ആലങ്കാരികമായും അതിനെ മനസ്സിലാക്കുക

**(Rule 1: Read intelligently, Interpret what you read literally unless it is obviously intended to be understood as figurative or symbolic)**

ഏതു സാഹിത്യശാഖയേയും പോലെ ദൈവവചനം അലങ്കാരങ്ങളു ടേയും, ഉപമകളുടേയും ആവിഷ്ക്കാരമാണ് (Metaphors, Hyperboles and Anthropomorphisms). അവയെ ആ അർത്ഥത്തിൽതന്നെ മനസ്സിലാക്കണം.

അടിസ്ഥാനപരമായ വ്യത്യാസമുള്ള രുവസ്തുക്കളുടെ സാമ്യത്തെ താരതമ്യപ്പെടുത്തുന്നതാണ് ഉൾപ്രേക്ഷ (Metaphors) വചനത്തിൽ ധാരാളം

ഉൾപ്രേക്ഷകൾ ഉ്. അന്ത്യത്താഴ സമയത്തുള്ള ഒരു പ്രയോഗം നമുക്ക് ശ്രദ്ധി ക്കാം.

> അവർ ഭക്ഷിക്കുമ്പോൾ യേശു അപ്പം എടുത്തു വാഴ്ത്തി നുറുക്കി ശിഷ്യന്മാർക്കു കൊടുത്തു. വാങ്ങി ഭക്ഷിപ്പിൻ; ഇതു എന്റെ ശരീരം എന്നു പറഞ്ഞു. പിന്നെ പാനപാത്രം എടുത്തു സ്തോത്രം ചൊല്ലി അവർക്കുകൊടുത്തു. എല്ലാവരും ഇതിൽനിന്നു കുടിപ്പിൻ. ഇത് അനേ കർക്കുവേി പാപമോചനത്തിനായി ചൊരിയുന്ന പുതിയ നിയമ ത്തിനുള്ള എന്റെ രക്തം (മത്താ 26:26-28).

യേശു ഇവിടെ പ്രതിപാദിച്ച അപ്പം തന്റെ ശരീരമാണൊ? വീഞ്ഞ് രക്തമാണോ? നമ്മുടെ സാമാന്യ ബുദ്ധിപറയുന്നു - അല്ല . വചനം വ്യക്ത മായി പറയുന്നു; യേശു അവർക്ക് നൽകിയത് അപ്പവും വീഞ്ഞുമാണ്. അതൊരിക്കലും മാംസവും രക്തവും ആയി മാറില്ല. അപ്പോസ്തലന്മാർ അവ രുടെ ലേഖനങ്ങളിൽ എവിടേയും ആ ഒരു മാറ്റം സംഭവിച്ചതായി രേഖപ്പെടു ത്തിയിട്ടില്ല. അവർ ഒരിക്കലും നരഭോജികളുടെ അവസ്ഥ അനുഭവിച്ച തായി പറയുന്നില്ല.

ചിലർ ഇങ്ങനെ വാദിക്കുന്നു. യേശു പറഞ്ഞു. ഇത് എന്റെ ശരീരവും രക്തവുമാണ്, അതുകൊ് യേശു പറഞ്ഞത് എന്താണൊ അത് പൂർണ്ണമായി വിശ്വസിക്കുന്നു.

യേശു ഒരിക്കൽ പറഞ്ഞു ഞാൻ വാതിൽ ആകുന്നു (യോഹ 10:9) യേശു എന്നെങ്കിലും കുറ്റിയിൽ തിരിയുന്ന ഒരു കതകുപോലെ ആയിരുന്നോ? യേശു പറഞ്ഞു ഞാൻ സാക്ഷാൽ മുന്തിരി വള്ളിയും നിങ്ങൾ കൊമ്പുകളുമാ കുന്നു (യോഹ 15:5). യേശു ഒരു മുന്തിരി വള്ളിയായിരുന്നോ? നാം കൊമ്പു കളായിരുന്നോ? യേശു പറഞ്ഞു. ഞാൻ ലോകത്തിന്റെ വെളിച്ചമാകുന്നു. സ്വർഗ്ഗത്തിൽ നിന്നും ഇറങ്ങിവന്ന അപ്പമാകുന്നു (യോഹ 9:5, 6:41) യേശു സൂര്യവെളിച്ചം പോലെ വെളിച്ചവും ചുട്ടെടുത്ത ഒരപ്പവും ആയിരുന്നോ?

മുകളിൽ പ്രസ്താവിച്ചവയെല്ലാം ഉൾപ്രേക്ഷ (ങലമേുവീൃ) എന്ന അലങ്കാരമാണ്. അടിസ്ഥാനപരമായി വ്യത്യാസമുള്ള രുവസ്തുക്കളുടെ സാമ്യത്തെ താരതമ്യപ്പെടുത്തുകയാണ്. ഒരു വിധത്തിൽ, യേശു കവാടം പോലെയും മുന്തിരിവള്ളിപോലെയും ആണ്. യേശുവിന്റെ അന്ത്യത്താഴസമ യത്തെ പ്രസ്താവന ഒരു ഉൾപ്രേക്ഷയാണ്. യേശുവിന്റെ രക്തം മുന്തിരിച്ചാ റുപോലെയും (ഒരർത്ഥത്തിൽ), യേശുവിന്റെ ശരീരം ഒരപ്പം പോലെയും (ഒരു വിധത്തിൽ) ആയിരുന്നു.

## യേശുവിന്റെ ഉപമകൾ
## (Christ's Parables)

യേശു പറഞ്ഞ ദൃഷ്ടാന്തങ്ങളെല്ലാം ഉപമകളാണ്. ഈ ഉപമകളിൽ "പോലെ" എന്ന വാക്ക് സർവ്വസാധാരണമാണ്. വ്യത്യസ്ഥമായ രുകാര്യങ്ങളെ താരതമ്യപ്പെടുത്തി യേശു ആത്മിക പാഠങ്ങൾ പഠിപ്പിക്കുകയായിരുന്നു. അതിനെ ഭാഷാന്തരം ചെയ്യുമ്പോൾ ഈ പ്രാധാന്യം നാം ഓർത്തിരിക്കണം, അല്ലെങ്കിൽ ഓരോ ഉപമകളിലും ഉൾക്കൊള്ളുന്ന സന്ദേശം തെറ്റായി ധരിക്കാനിടവരും. സമത്വം അവസാനിക്കുകയും അസമത്വം ആരംഭിക്കുകയും ചെയ്യുന്നിടത്ത് അലങ്കാരം ജനിക്കുന്നു (ഉത്പ്രേക്ഷ, ഉപമ). ഉദാഹരണത്തിന്, നിന്റെ കണ്ണുകൾ നിശ്ചല തടാകം പോലെയാണ് എന്ന് ഞാൻ എന്റെ ഭാര്യയോടുപറഞ്ഞാൽ, അവൾക്ക് ആകർഷണീയമായ നീലക്കണ്ണുകൾ ഊ് എന്നാണ് ഞാൻ അർത്ഥമാക്കുന്നത്, അല്ലാതെ അവളുടെ കണ്ണുകളിൽ മത്സ്യം നീന്തുന്നെന്നോ, പക്ഷികൾ വന്നിരിക്കുന്നെന്നോ ശരത്കാലത്ത് മഞ്ഞുമൂടുമെന്നോ അർത്ഥമില്ല.

യേശു പറഞ്ഞ 3 ഉപമകളെ നമുക്ക് പരിഗണിക്കാം. അതിൽ ആദ്യത്തേത് മത്സ്യം പിടിക്കാനുള്ള വലയെക്കുറിച്ചുള്ള ഉപമ.

> സ്വർഗ്ഗരാജ്യം കടലിൽ ഇടുന്നതും എല്ലാവക മീനും പിടിക്കുന്നതുമായൊരു വലയോട് സദൃശം. നിറഞ്ഞപ്പോൾ അവർ അതു വലിച്ചു കരയ്ക്കു കയറ്റി, നല്ലതു പാത്രങ്ങളിൽ കൂട്ടിവച്ചു, ചീത്ത എറിഞ്ഞുകളഞ്ഞു. അങ്ങനെ തന്നെ ലോകാവസാനത്തിൽ സംഭവിക്കും. ദൂതന്മാർ പുറപ്പെട്ടു നീതിമാന്മാരുടെ ഇടയിൽ നിന്നു ദുഷ്ടന്മാരെ വേർതിരിച്ചു തീച്ചൂളയിൽ ഇട്ടുകളയും: അവിടെ കരച്ചിലും പല്ലുകടിയും ഉണ്ടാകും (മത്താ 13: 47-50).

സ്വർഗ്ഗരാജ്യവും, കടലിൽ ഇടുന്ന വലയും അടിസ്ഥാനപരമായി ഒന്നു തന്നെയാണോ? തീർച്ചയായും അല്ല! അവ തികച്ചും വ്യത്യസ്ഥമാണ്, ചില സാമ്യങ്ങൽ ഉണ്ടെന്നുമാത്രം. വലയിൽ ശേഖരിക്കപ്പെടുന്ന മത്സ്യത്തെ തരംതിരിക്കുന്നതുപോലെ ദൈവ രാജ്യത്തിലും സംഭവിക്കുന്നു. ദുഷ്ടനും, നീതിമാനും ഇപ്പോൾ ഒന്നിച്ചു വസിക്കുന്നു. എന്നാൽ ഇരുവരേയും വേർതിരിക്കുന്ന ഒരുനാൾവരും. അവിടെ സാമ്യതകൾ അവസാനിക്കുന്നു. മത്സ്യം നീന്തും, മനുഷ്യൻ നടക്കും. മുക്കുവൻ മത്സ്യത്തെ തരംതിരിക്കുന്നു. നീതിമാനേയും ദുഷ്ടനേയും ദൈവദൂതന്മാർ തരംതിരിക്കുന്നു. പാകം ചെയ്ത മത്സ്യത്തിന്റെ രുചിയുടെ അടിസ്ഥാനത്തിലാണ് മത്സ്യത്തിന്റെ മേന്മ കണക്കാക്കുന്നത്. ദൈവത്തോടുള്ള അനുസരണക്കേടിന്റേയും അനുസരണയുടേയും അടിസ്ഥാനത്തിലാണ് മനുഷ്യൻ വിധിക്കപ്പെടുന്നത്. നല്ല മത്സ്യത്തെ ശേഖരിക്കും. ചീത്ത മത്സ്യത്തെ എറിഞ്ഞുകളയും. നീതിമാൻ സ്വർഗ്ഗരാജ്യം അവകാശമാക്കും, ദുഷ്ടൻ നരകത്തിൽ എറിയപ്പെടും.

അടിസ്ഥാനപരമായി വ്യത്യാസമുള്ള വസ്തുക്കളെ ഉപമയുടേയും ദൃഷ്ടാന്തങ്ങളുടേയും അടിസ്ഥാനത്തിൽ സാമ്യപ്പെടുത്തുന്ന രീതിക്ക് വ്യക്ത മായ ഒരുദാഹരണമാണിത്. പ്രസംഗകന്റെ താല്പര്യത്തിന്നപ്പുറം കടന്ന് ഉപ മാന ഉപമേയങ്ങളെ സാദൃശ്യപ്പെടുത്തേതില്ല. നല്ല മത്സ്യങ്ങൾ അവസാനം തീയിൽ പാകം ചെയ്യപ്പെടുന്നു. ചീത്ത മത്സ്യങ്ങൾ കടലിൽ എറിയപ്പെ ടുന്നു ഇത് വീും പിടിക്കപ്പെടുംവരെ കടലിൽ കഴിയുന്നു. യേശു ആ ഭാഗത്തെ സ്പർശിക്കുന്നില്ല! യേശു ഉപയോഗിച്ച ഉപമയുടെ ഉദ്ദേശത്തെ ഇത് നിവർത്തിക്കുന്നില്ല.

നല്ലതോ തീയതോ, ആലയത്തിൽ പോകാൻ ആഗ്രഹമുള്ളവരോ ഇല്ലാത്തവരോ ഇതൊന്നും നോക്കാതെ സകലരേയും സഭയിലേക്ക് ശേഖരി ക്കുന്ന മത്സ്യവലയാണ് സുവിശേഷം (dragnet evangelism) എന്ന് പഠിപ്പിക്കു കയല്ല ഈ ഉപമ. കടൽ തീരമാണ് സുവിശേഷത്തിന് ഉചിതമായ സ്ഥലമെ ന്നോ, സഭയുടെ പീഡനത്തിന്റെ അന്ത്യത്തിൽ ഉൾപ്രാപണം സംഭവിക്കു മെന്നോ നമ്മുടെ രക്ഷ ദൈവത്തിന്റെ തിരഞ്ഞെടുപ്പിന്റെ അടിസ്ഥാനത്തിലാ ണന്നോ ഉള്ള സന്ദേശമല്ല ഈ ഉപമയുടെ പ്രമേയം. യേശുവിന്റെ ഉപമകൾക്ക് അതിശയോക്തികലർന്ന അലങ്കാരം പ്രയോഗിക്കരുത്.

## ഒരുങ്ങി ഇരിക്കുക
## (Remaining Ready)

'പത്തുകന്യകമാർ' എന്ന യേശുവിന്റെ സുപരിചിതമായ മറ്റൊരു ഉപമ നമുക്ക് നോക്കാം.

> സ്വർഗ്ഗരാജ്യം മണവാളനെ എതിരേല്പാൻ വിളക്കും എടുത്തുകൊുപു റപ്പെട്ട പത്തു കന്യകമാരോടു സാദൃശം ആകുന്നു. അതിൽ അഞ്ചു പേർ ബുദ്ധിയുള്ളവരും അഞ്ചുപേർ ബുദ്ധിയില്ലാത്തവരും ആയിരുന്നു. ബുദ്ധിയില്ലാത്തവർ വിളക്കു എടുത്തപ്പോൾ എണ്ണ എടുത്തില്ല. ബുദ്ധി യുള്ളവരോ വിളക്കോടുകൂടെ പാത്രത്തിൽ എണ്ണയും എടുത്തു. പ ിന്നെ മണവാളൻ താമസ്സിക്കുമ്പോൾ എല്ലാവരും മയക്കം പിടിച്ചു ഉറ ങ്ങി. അർദ്ധരാത്രിക്കോ മണവാളൻ വരുന്നു; അവനെ എതി രേൽപാൻ പുറപ്പെടുവിൻ എന്നു ആർപ്പുവിളിഉായി. അപ്പോൾ കന്യക മാർ എല്ലാവരും എഴുന്നേറ്റ് വിളക്കുതെളിയിച്ചു. എന്നാൽ ബുദ്ധിയില്ലാ ത്തവർ ബുദ്ധിയുള്ളവരോടു: നിങ്ങളുടെ എണ്ണയിൽ കുറെ ഞങ്ങൾക്കും തരുവിൻ എന്നു പറഞ്ഞു. ബുദ്ധിയുള്ളവർ: ഞങ്ങൾക്കും നിങ്ങൾക്കും പോരാ എന്നു വരാതിരിപ്പാൻ നിങ്ങൾ വിൽക്കുന്നവരുടെ അടുക്കൽ പോയി വാങ്ങിക്കൊൾവിൻ എന്നു ഉത്തരം പറഞ്ഞു. അവർ വാങ്ങുവാൻ പോയപ്പോൾ മണവാളൻ വന്നു; ഒരുങ്ങിയിരുന്ന വർ അവനോടുകൂടെ കല്യാണസദ്യക്കുചെന്നു വാതിൽ അടക്കയും ചെയ്തു. അതിന്റെ ശേഷം മറ്റു കന്യകമാരും വന്നു: കർത്താവെ,

> കർത്താവെ ഞങ്ങൾക്കു തുറക്കേണമേ എന്നു പറഞ്ഞു. അതിന് അവൻ: ഞാൻ നിങ്ങളെ അറിയുന്നില്ല എന്നു സത്യമായിട്ടു നിങ്ങളോടു പറയുന്നു എന്നു പറഞ്ഞു. ആകയാൽ നാളും നാഴികയും നിങ്ങൾ അറിയായ്കകൊ് ഉണർന്നിരിപ്പിൻ (മത്താ 25:1–13).

ഈ ഉപമയുടെ പ്രാഥമിക പാഠം എന്താണ്? അവസാന വചനഭാഗം ഇങ്ങനെ പറയുന്നു; കർത്താവിന്റെ മടങ്ങി വരവിനായി കാത്തിരിക്കുക, നീ പ്രതീക്ഷിക്കുന്ന സമയമായിരിക്കില്ല അവൻ മടങ്ങിവരുന്നത്.

വളരെ അനുസരണയോടുകൂടി തന്നെഅനുഗമിച്ച തന്റെ പ്രിയപ്പെട്ട ശിഷ്യന്മാരോടാണ് യേശു ഈ ഉപമ പറഞ്ഞത് (മത്താ 24:3, മർക്കോ: 13:3). യേശുവിന്റെ ശിഷ്യന്മാരായ പത്രോസ്, യാക്കോബ്, യോഹന്നാൻ, അന്ത്രയോസ് ഇവർപോലും യേശുവിന്റെ രാം വരവിനായി ഒരുക്കപ്പെട്ടിരുന്നില്ല എന്ന് അനു-മാനിക്കാം. തന്മൂലം അവരോട് ഒരു മുന്നറിയിപ്പ് എന്ന രീതിയാലാണ് യേശു ഇതു പറഞ്ഞത്. ഇപ്പോൾ ഒരു പക്ഷേ യേശുവിനെ സ്വീകരിക്കാൻ തയ്യാറായവർ പോലും തന്റെ യഥാർത്ഥവരവിങ്കൽ ഒരുക്കത്തോടെ ഇരിക്കണമെന്നില്ല. പത്തു കന്യകമാരും തുടക്കത്തിൽ ഒരുങ്ങിയിരുന്നു, എന്നാൽ അവസാനം അഞ്ചുപേർ ഒരുക്കം നഷ്ടപ്പെട്ടവരായി. മണവാളൻ പെട്ടെന്ന് വന്നിരുന്നെങ്കിൽ പത്തുപേരും വിരുന്നുശാലയിൽ പ്രവേശിക്കപ്പെടുമായിരുന്നു.

ഈ ഉപമയിൽ പ്രസ്താവിച്ചിരിക്കുന്ന കന്യകമാരിൽ അഞ്ചുപേർ ബുദ്ധിഹീനരും അഞ്ചുപേർ ബുദ്ധിയുള്ളവരുമാണ്. ഈ അഞ്ചുകന്യകമാരുടെ പ്രത്യേകതയെന്താണ്? യേശുവിന്റെ വരവിങ്കൽ നിലവിലുള്ള അംഗങ്ങളുടെ പകുതിപേർമാത്രമേ യേശുവിനെ സ്വീകരിക്കാൻ തയ്യാറുള്ളവരായിരിക്കാനുള്ളു എന്നാണോ ഇതിന്റെ അർത്ഥം? അല്ല.

ഇതിൽ പറഞ്ഞിരിക്കുന്ന എണ്ണയുടെ സവിശേഷത എന്താണ്? ഇത് പരിശുദ്ധാത്മാവിന്റെ പ്രതീകമാണോ? അല്ല. പരിശുദ്ധാത്മാഭിഷേകം പ്രാപിച്ചവർ മാത്രമെ സ്വർഗ്ഗത്തിൽ കടക്കുകയുള്ളുവെന്നു വെളിപ്പെടുത്തുകയാണോ? അല്ല.

മണവാളൻ രാത്രിയുടെ യാമത്തിൽ വരുന്നതുകൊ് യേശുവും രാത്രിയിലാണ് വരുന്നതെന്ന് വിശ്വസിക്കണമെന്നാണോ? അല്ല.

ബുദ്ധിഹീനരായ കന്യകമാർ എണ്ണയുമായി വാതിൽക്കൽ എത്തിയപ്പോൾ, എന്തുകൊ് മണവാളൻ ബുദ്ധിയുള്ള കന്യകമാരോട് അവരെ തിരിച്ചറിയാൻ ഏല്പിച്ചില്ല? അങ്ങനെ മണവാളൻ കന്യകമാരെ തിരിച്ചറിയാനുള്ള അവസരം നൽകിയിരുന്നെങ്കിൽ, ഈ ഉപമയുടെ സർവ്വ ചൈതന്യവും നഷ്ടപ്പെടുമായിരുന്നു. കാരണം ബുദ്ധിഹീനരായ കന്യകമാർക്കും അവസാനം പ്രവേശനം ലഭിക്കുമായിരുന്നു.

ഒരു പക്ഷെ, ബുദ്ധിഹീനരായ കന്യകമാർ വെളിച്ചം നഷ്ടപ്പെട്ടപ്പോൾ ഉറക്കത്തിൽ മുഴുകി, അവർ ആത്മിക അന്ധതയിലായി, അത് അവരെ ആത്മീകമായി ഉറക്കത്തിലേക്കു നയിച്ചു. അവസാനം അവരുടെ നാശത്തിന് ഇടയായി. ഒരു പക്ഷെ ഈ ഉപമയിലെ കല്യാണവിരുന്നിന് കടക്കാൻ കഴി യാതെ പോയവരെ പോലുള്ളവരെ ഭാവിയിലെ കുഞ്ഞാടിന്റെ കല്യാണ ത്തിലും കന്നെുവരാം.

## ഫലം പുറപ്പെടുവിക്കൽ
## (Bearing Fruit)

ക്രിസ്തുവിന്റെ ഉപമകളുടെ വ്യാഖ്യാനത്തിൽ ഏറ്റവും മോശമായി എനിക്കനുഭവപ്പെട്ടത് കോതമ്പുചെടിയേയും, കളയേയും കുറിച്ചുള്ള ഒരു പ്രഭാഷകന്റെ വ്യാഖ്യാനമാണ്. ആദ്യം ആ ഉപമ നമുക്കൊന്നു വായിക്കാം.

> അവൻ മറ്റൊരു ഉപമ അവർക്കു പറഞ്ഞു കൊടുത്തു. സ്വർഗ്ഗരാജ്യം ഒരു മനുഷ്യൻ തന്റെ നിലത്തു നല്ല വിത്തുവിതച്ചവനോടു സദൃശ്യമാ കുന്നു. മനുഷ്യൻ ഉറങ്ങുമ്പോൾ അവന്റെ ശത്രുവന്നു. കോതമ്പിന്റെ ഇടയിൽ കള വിതച്ചു പൊയ്ക്കളഞ്ഞു. ഞാറു വളർന്നു കതിരാ യപ്പോൾ കളയും കാണായ്വന്നു. അപ്പോൾ വീട്ടുടയവന്റെ ദാസന്മാർ അവന്റെ അടുക്കൽ ചെന്നു. യജമാനനെ, വയലിൽ നല്ല വിത്തല്ലയോ വിതച്ചത്? പിന്നെ കള എവിടെ നിന്നു വന്നു എന്നുചോദിച്ചു. ഇതു ശത്രുചെയ്തതാകുന്നു എന്നു അവൻ അവരോടു പറഞ്ഞു. ഞങ്ങൾ പോയി അതു പറിച്ചുകൂട്ടുവാൻ സമ്മതമുോ എന്നു ദാസന്മാർ അവനേ ാടു ചോദിച്ചു. അതിന് അവൻ: ഇല്ല. പക്ഷെ കള പറിക്കുമ്പോൾ കോതമ്പും കുടെ പിഴുതുപോകും. രുംകൂടെ കൊയ്ത്തോളം വളരട്ടെ, കൊയ്ത്തുകാലത്തു ഞാൻ കൊയ്യുന്നവനോട് മുമ്പേ കള പറിച്ചുകൂട്ടി ചുട്ടുകളയേതിന് കെട്ടുവാനും ഗോതമ്പ് എന്റെ കളപ്പുരയിൽ കൂട്ടിവെ പ്പാനും കല്പിക്കും എന്നു പറഞ്ഞു (മത്താ 13: 24-30).

ആ പ്രഭാഷകൻ ഈ ഉപമയ്ക്ക് നൽകിയ വ്യാഖ്യാനം നമുക്ക് നോക്കാം:

> കോതമ്പും കളയും ഒരുമിച്ചാണ് വളരുന്നത്. കോതമ്പും കളയും തുട ക്കത്തിൽ തരംതിരിച്ചറിയാൻ സാധ്യമല്ല. ഇതുപോലെയാണ് ലോകവും സഭയും വിശ്വാസികളാര്, അവിശ്വാസികളാര് എന്ന് ആർക്കും തരംതിരിച്ചറിയുവാൻ സാധിക്കയില്ല. ജീവിതരീതി നോക്കി വിശ്വാസികളെയും അവിശ്വാസികളെയും തരം തിരിക്കാൻ സാധ്യമല്ല കാരണം അവിശ്വാസികളെപ്പോലെ വിശ്വാസികളും ക്രിസ്തുവിനെ അനുസരിക്കുന്നില്ല. ദൈവത്തിനു മാത്രമേ ഹൃദയങ്ങളെ അറിയുവാൻ കഴിയുകയുള്ള, അന്ത്യത്തിൽ ദൈവം അവരെ വേർതിരിക്കും.

കോതമ്പിന്റേയും കളയുടേയും ഉപമയുടെ യഥാർത്ഥ സന്ദേശം അത ല്ല. അവിശ്വാസികളേയും വിശ്വാസികളേയും വ്യക്തമായി തിരിച്ചറിയാൻ കഴി

യും. കോതമ്പു, ഫലം കായ്ക്കുമ്പോൾ കൊയ്ത്തുകാർ അതിനെ വ്യക്തമായി തിരിച്ചറിയുന്നു (വാക്യം 26). കള, ഫലം കായ്ക്കുന്നില്ല, അതിലുടെയാണ് കളയെ തിരിച്ചറിയുന്നത്. ഫലമില്ലാത്ത ഈ കളയെ പ്രതിധാനം ചെയ്യുന്ന ദുഷ്ടന്മാരെ ശേഖരിച്ച് അവസാനം നരകത്തിലേക്കു വലിച്ചെറിയും.

ഈ ഉപമയുടെ ആശയം വളരെ ലളിതമാണ്. രക്ഷിക്കപ്പെടാത്തവർ ഫലം കായിക്കുകയില്ല. എന്നാൽ രക്ഷിക്കപ്പെടുന്നവർ ഫലം കായ്ക്കുക തന്നെ ചെയ്യും. രക്ഷിക്കപ്പെട്ടവരുടെ കൂട്ടത്തിൽ കഴിയുന്ന ഈ ദുഷ്ടന്മാരെ ദൈവം ഇതുവരേയും തരം തിരിച്ചിട്ടില്ലായെങ്കിലും, രക്ഷിക്കപ്പെട്ടവരുടെ കൂട്ടത്തിൽ നിന്നും അവരെ തരം തിരിക്കുകയും, നരകത്തിൽ വലിച്ചെറിയുകയും ചെയ്യും.

ഈ ഉപമയുടെ വ്യക്തമായ വിവരണം യേശു നൽകിയിട്ട്. അതിനപ്പുറമുള്ള ഒരു പ്രത്യേകത ഇതിൽതേടികുപിടിക്കേ ആവശ്യമില്ല.

> അനന്തരം യേശു പുരുഷാരത്തെ പറഞ്ഞയച്ചിട്ട് വീട്ടിൽ വന്നു, ശിഷ്യന്മാർ അവന്റെ അടുക്കൽ ചെന്നു. വയലിലെ കളയുടെ ഉപമ തെളിയിച്ചു തരേണം എന്നപേക്ഷിച്ചു. അതിന്നവൻ ഉത്തരം പറഞ്ഞത്: നല്ല വിത്തു വിതക്കുന്നവൻ മനുഷ്യപുത്രൻ, വയൽ ലോകം, നല്ല വിത്തു ദൈവരാജ്യത്തിന്റെ പുത്രന്മാർ, കള ദുഷ്ടന്റെ പുത്രന്മാർ, അതു വിതച്ച ശത്രു പിശാച്. കൊയ്ത്ത് ലോകാവസാനം; കൊയ്യുന്നവർ ഭൂതന്മാർ കള കൂട്ടി തീയിലിട്ടുചുടുംപോലെ ലോകാവസാനത്തിൽ സംഭവിക്കും. മനുഷ്യപുത്രൻ തന്റെ ദൂതന്മാരെ അയയ്ക്കും. അവർ അവന്റെ രാജ്യത്തിൽനിന്ന് എല്ലാ ഇടർച്ചകളേയും അധർമ്മം പ്രവർത്തിക്കുന്നവരേയും കൂട്ടിച്ചേർത്തു തീച്ചൂളയിൽ ഇട്ടുകളയും, അവിടെ കരച്ചിലും പല്ലുകടിയും ഉാകും, അന്നു നീതിമാന്മാർ തങ്ങളുടെ പിതാവിന്റെ രാജ്യത്തിൽ സൂര്യനെപ്പോലെ പ്രകാശിക്കും. ചെവിയുള്ളവൻ കേൾക്കട്ടെ (മത്താ 13: 36–43).

## അതിശയോക്തി
## (Hyperbole)

ബൈബിളിൽ സർവ്വസാധാരണമായി ഉപയോഗിക്കപ്പെടുന്ന ഒരു അലങ്കാര പ്രയോഗമാണ് അതിശയോക്തി *(Hyperbole)*. ഒരു വസ്തുതക്ക് അമിതമായി ഊന്നൽ നൽകി പെരുപ്പിച്ചു പറയുകയാണ് ഇതിലൂടെ ചെയ്യുന്നത്. നിന്നോട് ഒരായിരം പ്രാവശ്യം ഞാൻ പറഞ്ഞതാ – വീട്ടിൽ വന്ന് ഊണ് കഴിക്കാൻ. ഒരമ്മ തന്റെ കുട്ടിയോട് പറയുന്ന ഈ പ്രസ്താവന ഈ അലങ്കാരത്തിന്റെ വ്യക്തമായ ഒരു ഉദാഹരണമാണ്. നിന്റെ വലതുകരം വെട്ടിക്കളക എന്ന് യേശു പറയുന്ന ഒരു പ്രസ്താവന വചനത്തിലു്.

വലങ്കൈ നിനക്ക് ഇടർച്ച വരുത്തുന്നെങ്കിൽ അതിനെ വെട്ടി എറിഞ്ഞുകളക; നിന്റെ ശരീരം മുഴുവനും നരകത്തിൽ പോകുന്നതിനേക്കാൾ അവയവങ്ങളിൽ ഒന്നു നശിക്കുന്നത് നിനക്ക് പ്രയോജനമത്രേ (മത്താ. 5:30).

വലതുകരം കൊ് എന്തെങ്കിലും പാപപ്രവർത്തി ചെയ്തിട്ടുങ്കെിൽ അതു മുറിച്ചു മാറ്റി വലതുകരം ഇല്ലാത്തവരായി നാം ജീവിക്കണമെന്നാണൊ യേശു ഈ പ്രസ്താവനയിലൂടെ ആവശ്യപ്പെടുന്നത്? നമ്മുടെ ജീവിതയാത്രയിൽ നരകത്തിലേക്ക് ഇടറി വീഴുവാൻ ഇടയാകുന്ന പാപപ്രവർത്തികളെ ഒഴിവാക്കി ജീവിക്കണമെന്നാണ് ഇതിലൂടെ യേശു നമ്മെ പഠിപ്പിക്കുന്നത്.

## ദൈവത്തിൽ മനുഷ്യരൂപാരോപണം (Anthropomorphism)

വചനത്തിൽ കാണുന്ന മറ്റൊരു അലങ്കാരമാണ് ആൻഥ്റോപോമോർഫിസം *(Anthropomorphism)*. ദൈവത്തെ അടുത്തറിയുവാൻ ദൈവത്തിൽ മനുഷ്യപ്രകൃതി ആരോപിക്കുന്ന ഒരു ആലങ്കാരിക പ്രകടനമാണ് ആൻഥ്റോപോമോർഫിസം. ഇതിന് ഉദാഹരണമാണ് ഉല്പത്തി 11:5 നോക്കാം.

മനുഷ്യൻ പണിത പട്ടണവും ഗോപുരവും കാണേതിന് യഹോവ ഇറങ്ങി വന്നു (ഉല്പ 11:5).

ഇതൊരു ആൻഥ്റോപോമോർഫിസം ആണ്. കാരണം എല്ലാം അറിയുന്നവനായ ദൈവം മനുഷ്യന്റെ കൈപ്പണിയായ ഗോപുരത്തെയും പട്ടണത്തേയും കാണാൻ സ്വർഗ്ഗത്തിൽനിന്ന് ഭൂമിയിലേക്ക് സഞ്ചരിച്ചുവരുക!

നിരവധി വേദപണ്ഡിതന്മാർ വചനത്തിൽ പ്രസ്താപിച്ചിരിക്കുന്ന ദൈവത്തിന്റെ ശരീരം, ഭുജം, മൂക്ക്, കണ്ണ്, മുടി, ഇവയൊക്കേയും ആൻഥ്റോപോമോർഫിസം ആയിട്ട് പരിഗണിച്ചിട്ട്. ദൈവത്തിന് മനുഷ്യനെപോലെ അങ്ങനെയുള്ള ശരീരഭാഗങ്ങൾ ഇല്ലായെന്ന് അവർ പറയുന്നു.

എന്നാൽ അനേക തെളിവുകളുടെ അടിസ്ഥാനത്തിൽ ഞാൻ ഈ പ്രസ്താവനയെ അംഗീകരിക്കുന്നില്ല. ഒന്നാമതായി, മനുഷ്യനെ ദൈവത്തിന്റെ സ്വന്തം സാദൃശ്യത്തിലും രൂപത്തിലും സൃഷ്ടിച്ചിരിക്കുന്നു എന്ന് വചനം പഠിപ്പിക്കുന്നു.

അനന്തരം ദൈവം: നാം നമ്മുടെ സ്വരൂപത്തിൽ നമ്മുടെ സാദൃശ്യപ്രകാരം മനുഷ്യനെ ഉണ്ടാക്കുക (ഉല്പ 1:26).

വിവേകത്തിന്റേയും, ഉത്തരവാദിത്വത്തിന്റേയും, ബോധത്തിന്റേയും മണ്ഡലത്തിലാണ് മനുഷ്യന് ദൈവത്തോട് സാദൃശ്യമെന്ന് ചിലർ വ്യാഖ്യാന

ിക്കുന്നു. ഉല്പത്തി 1:26ന് തൊട്ടുഅടുത്തുവരുന്ന ചില അദ്ധ്യായങ്ങളിലെ സമാനതയെ നമുക്ക് നോക്കാം.

> ആദാമിനു നൂറ്റിമുപ്പത് വയസ്സായപ്പോൾ അവൻ തന്റെ സാദൃശ്യത്തിൽ തന്റെ സ്വരൂപപ്രകാരം ഒരു മകനെ ജനിപ്പിച്ചു. അവന് ശേത്ത് എന്ന് പേരിട്ടു. (ഉല്പത്തി 5:3).

ശരീരപ്രകൃതിയിൽ ശേത്ത് തന്റെ പിതാവിന് സാദൃശ്യനാണെന്നാണതിന്റെ അർത്ഥം. ഉല്പത്തി 5:3 ന്റെ ആശയം ഇതാണെങ്കിൽ, ഇതേ ആശയം തന്നേയാണ് ഉല്പത്തി 1:26 ലും കാണുന്നത്. യുക്തിയുള്ള വ്യാഖ്യാനവും, സാമാന്യജ്ഞാനവും ഇതിനെ ശരിവയ്ക്കുന്നു.

വചനത്തിൽ നിന്നും ദൈവത്തെ കുറിച്ചുള്ള ചില വിവരണങ്ങൾ നമുക്ക് ലഭിക്കുന്നു. ഉദാഹരണത്തിന് മോശ എഴുപത്തിമൂന്ന് യിസ്രായേല്യരോടൊപ്പം ദൈവത്തെകു.

> അനന്തരം മോശയും അഹരോനും നാദാബും അബീഹൂവും യിസ്രായേൽ മൂപ്പന്മാരിൽ എഴുപതുപേരും കൂടെ കയറിചെന്നു. അവർ യിസ്രായേലിന്റെ ദൈവത്തെ കു. അവന്റെ പാദങ്ങൾക്കുകീഴെ നീലക്കല്ലുപടുത്ത തളം പോലെയും ആകാശത്തിന്റെ സ്വച്ഛതപോലേയും ആയിരുന്നു. യിസ്രായേൽ മക്കളുടെ പ്രമാണികൾക്കു തൃക്കയ്യാൽ ഒന്നും ഭവിച്ചില്ല, അവർ ദൈവത്തെകു ഭക്ഷണപാനിയങ്ങൾ കഴിച്ചു (പുറ 24:9-11).

ദൈവത്തിന് കയ്യും, കാലും ഉോയെന്ന് നിങ്ങൾ ചോദിച്ചിരുന്നെങ്കിൽ മോശ എന്തു ഉത്തരം നൽകുമായിരുന്നു.[34]

പിതാവും, പുത്രനും ആയ ദൈവത്തെ ദാനിയേൽ പ്രവാചകനും ദർശിച്ചു.

> ഞാൻ നോക്കിക്കൊിരിക്കെ, അവർ ന്യായാസനങ്ങളെ വെച്ചു വയോധികനായ ഒരുവൻ ഇരുന്നു. അവന്റെ വസ്ത്രം ഹിമം പോലെ വെളുത്തതും അവന്റെ തലമുടി നിർമലമായ ആട്ടുരോമം പോലെയും, അവന്റെ സിംഹാസനം അഗ്നിജ്വാലയും അവന്റെ രഥചക്രങ്ങൾ കത്തുന്ന തീയും ആയിരുന്നു. ഒരു അഗ്നി നദി അവന്റെ മുമ്പിൽനിന്നു പുറപ്പെട്ടു ഒഴുകി, ആയിരമായിരം പേർ അവനു ശുശ്രൂഷ ചെയ്തു; പതിനായിരം പതിനായിരം പേർ അവന്റെ മുമ്പാകെ നിന്നു; ന്യായ വിസ്താര സഭ ഇരുന്നു; പുസ്തകങ്ങൾ തുറന്നു. .... രാത്രി ദർശനങ്ങളിൽ മനുഷ്യപുത്രനോടു സാദൃശ്യനായ ഒരുവൻ ആകാശമേഘങ്ങളോടെ വരുന്നതു കു; അവൻ വയോധികന്റെ അടുക്കൽചെന്നു

34 . ഒരിക്കൽ ദൈവം നടന്നുപോകുമ്പോൾ ദൈവത്തിന്റെ മുഖം മോശ കാണാതിരിക്കേതിന് ദൈവം കൈ കൊ് മുഖം മറച്ചു (പുറ. 33: 18-23).

അവർ അവനെ അവന്റെ മുമ്പിൽ അടുത്തു വരുമാറാക്കി; സകലവംശ ങ്ങളും ജാതികളും ഭാഷക്കാരും അവനെ സേവിക്കേിതിന് അവനു ആധിപത്യവും മഹത്വവും രാജത്വവും ലഭിച്ചു. അവന്റെ ആധിപത്യം ന ീങ്ങി പോകാത്ത ആധിപത്യവും അവന്റെ രാജത്വം നശിച്ചുപോകാ ത്തതും ആകുന്നു (ദാനി 7: 9–10, 13–14).

ദൈവത്തിന് നരച്ച മുടിയും; സിംഹാസനത്തിൽ ഇരിക്കുവാൻ വിധ മുള്ള രൂപവും ഉോ എന്ന് ചോദിച്ചാൽ, ദാനിയേലിന്റെ മറുപടി എന്തായി രിക്കും?

മനുഷ്യനെപ്പോലെ മജ്ജയും മാംസവും ഇല്ലെങ്കിലും പിതാവായ ദൈവത്തിനുമനുഷ്യരൂപത്തിന് സമാനമായ ഒരാകൃതി ഉന്നെും അത് ആത്മാവ് ആകുന്നു എന്നും ഞാൻ വിശ്വസിക്കുന്നു (യോഹ 4:24).

വചനത്തിന്റെ ഏതുഭാഗത്തെയാണ് പ്രതീകാത്മമായും, അക്ഷരീകമാ യും, ആലങ്കാരികമായും വ്യഖ്യാനിക്കേതെന്ന് നമുക്ക് എങ്ങനെ വിവേചിച്ചറി യാൻ പറ്റും. തർക്ക മനോഭാവത്തോടു കാണുന്നവർക്ക് ഇത് വളരെ എളുപ്പമാ ണ്. ആലങ്കാരികവും പ്രതീകാത്മാകവും ആയി രചിക്കപ്പെട്ടതിനെ അക്ഷരീ കമായി വ്യാഖ്യാനിക്കുന്നു, കാരണം ബുദ്ധിപരമായി മറ്റൊരു മാർഗ്ഗം ഇല്ല. പഴയ നിയമപ്രവചനങ്ങളും, വെളിപ്പാടുപുസ്തകവും പ്രതീകാത്മാക മാണ്; അവയിൽ ചിലതൊക്കെ വെളിപ്പെടുത്തപ്പെട്ടിട്ട്. എന്നാൽ ചില തൊക്കെ വെളിപ്പെടുത്തപ്പെട്ടിട്ടില്ല. എന്നാൽ പ്രതീകങ്ങൾ തരംതിരിച്ചറിയാൻ പ്രയാസമായിരിക്കുന്നു.

## നിയമം 2: സന്ദർഭം മനസ്സിലാക്കി വായിക്കുക. വായിച്ച ഭാഗങ്ങളെ വ്യാഖ്യാനിക്കുമ്പോൾ പ്രസ്തുത ഭാഗത്തോടു ബന്ധമുള്ള വേദപു സ്തക വചനങ്ങളെ മനസ്സിലാക്കാൻ ശ്രദ്ധിക്കണം. സന്ദർഭത്തിന് പ്രാധാന്യം നൽകാതെ വചനം വായിക്കുന്നതുകൊാണ് വ്യാഖ്യാനം തെറ്റിപ്പോകുന്നത്

### (Rule 2: Read contextually. Every passage must be interpreted in light of the surrounding passages and the entire Bible. The historical and cultural context should also be considered whenever possible

സന്ദർഭത്തെ പരിഗണിക്കാതെ വചനത്തെ കൈകാര്യം ചെയ്താൽ നമുക്കിഷ്ടപ്പെട്ട രീതിയിൽ അതിനെ വളച്ചൊടിക്കാൻ കഴിയും. ഉദാഹരണമായി ദൈവം ഇല്ലായെന്ന് വചനം പറയുന്നത് നിങ്ങൾ ശ്രദ്ധിച്ചിട്ടു ോ. 14–ാം സങ്കീർത്തനത്തിൽ നാം വായിക്കുന്നു. ദൈവം ഇല്ല (സങ്കി 14:1) ഈ വാക്യം കൃത്യമായി വ്യാഖ്യാനിക്കണമെങ്കിൽ അതിനോട് ചേർന്നുള്ള എന്ന് മൂഢൻ തന്റെ ഹൃദയത്തിൽ പറയുന്നു. എന്ന ഭാഗം കൂടി ചേർത്തിരി

ക്കണം. അപ്പോൾ ഈ വചനഭാഗത്തിന് ശരിയായ അർത്ഥവും, ആശയവും ലഭിക്കുന്നു.

മറ്റൊരു ഉദാഹരണം ''അഗ്നിസ്നാന''ത്തെക്കുറിച്ചുള്ള ഒരു പ്രസംഗം ഒരിക്കൽ കേൾക്കുവാനിടയായി. മത്തായി 3:11 ലെ യോഹന്നാൻ സ്നാപകന്റെ വാക്കുകളെ ഉദ്ധരിച്ചായിരുന്നു പ്രസംഗം. ''ഞാൻ നിങ്ങളെ മാനസാന്തരത്തിനായി വെള്ളത്തിൽ സ്നാനം ഏല്പിക്കുന്നതേയുള്ള, എന്റെ പിന്നാലെ വരുന്നവനോ എന്നെക്കാൾ ബലവാൻ ആകുന്നു; അവന്റെ ചെരിപ്പു ചുമപ്പാൻ ഞാൻ മതിയായവനല്ല; അവൻ നിങ്ങളെ പരിശുദ്ധാത്മാവിലും തീയിലും സ്നാനം ഏല്പിക്കും.''

ഈ വചനത്തിന്റെ അടിസ്ഥാനത്തിലായിരുന്നു പ്രസംഗം. ആ പ്രസംഗകന്റെ വാക്കുകൾ ഞാൻ ഇപ്പോഴും ഓർക്കുന്നു. നിങ്ങൾ പരിശുദ്ധാത്മാവിനാൽ മാത്രം സ്നാനം ഏറ്റാൽ പോര! യോഹന്നാൻ സ്നാപകൻ പറഞ്ഞതുപോലെ യേശു നിങ്ങളെ തീയിലും സ്നാനപ്പെടുത്തുവാൻ ആഗ്രഹിക്കുന്നു. ഒരിക്കൽ നാം തീയിൽ സ്നാനം ഏറ്റു കഴിഞ്ഞാൽ ദൈവത്തിനുവേ1 കൂടുതൽ പ്രവർത്തിക്കുവാൻ ശക്തിയും തീഷ്ണതയും കിട്ടും. പ്രസംഗകൻ കൂട്ടി ചേർത്തു. അവസാനമായി ''പരിശുദ്ധാത്മാവിൽ'' അഗ്നിസ്നാനം ആവശ്യമുള്ളവരെ അദ്ദേഹം പ്രസംഗപീഠത്തിലേക്ക് ക്ഷണിച്ചു.

നിർഭാഗ്യവശാൽ ആ പ്രസംഗകന് ആ സന്ദർഭത്തിന് അനുയോഗ്യമായ വചനം എടുക്കാൻ കഴിഞ്ഞില്ല.

''യേശു'' അഗ്നിയിൽ നിങ്ങളെ ''സ്നാനപ്പെടുത്തും''. യോഹന്നാൻ സ്നാപകൻ പറഞ്ഞതിന്റെ പൊരുൾ എന്താണ്? ഇതിന്റെ യഥാർത്ഥ ഉത്തരം ലഭിക്കണമെങ്കിൽ ഈ വ്യാകൃത്തിന്റെ തൊട്ടുപിന്നിലുള്ള രു വാകൃങ്ങൾ വായിക്കണം. യോഹന്നാൻ പറഞ്ഞ ആ വാകൃങ്ങൾ നമുക്കൊന്നു വായിക്കാം.

> അബ്രഹാം ഞങ്ങൾക്ക് പിതാവായിട്ട് ുണ്ട്, എന്ന് ഉള്ളംകൊ് പറവാൻ തുനിയരുത്. ഈ കല്ലുകളിൽനിന്ന് അബ്രഹാമിന് മക്കളെ ഉളവാക്കുവാൻ ദൈവത്തിനുകഴിയും എന്നു ഞാൻ നിങ്ങളോടു പറയുന്നു. ഇപ്പോൾത്തന്നെ വൃക്ഷങ്ങളുടെ ചുവട്ടിന് കോടാലി വെച്ചിരിക്കുന്നു. നല്ല ഫലം കായ്ക്കാത്ത വൃക്ഷം എല്ലാം വെട്ടി തീയിൽ ഇട്ടുകളയുന്നു (മത്തായി 3:9-10).

സ്നാപക യോഹന്നാന്റെ പ്രസംഗം അബ്രഹാമിന്റെ പാരമ്പര്യത്തിലാണ് രക്ഷ എന്നു വിശ്വസിക്കുന്ന ഒരു തലമുറയോടായിരുന്നു എന്നു നാം മനസ്സിലാക്കണം. അവരോടുള്ള യോഹന്നാന്റെ പ്രസംഗം സുവിശേഷമായിരുന്നു.

രക്ഷിക്കപ്പെടാത്തവൻ അഗ്നിയിൽ എറിയപ്പെടുമെന്നുള്ള മുന്നറിയിപ്പും സ്നാപകന്റെ പ്രസംഗത്തിൽ ഉായിരുന്നു. യോഹന്നാൻ സ്നാപകന്റെ പ്രസംഗത്തിൽ പത്താം വാകൃത്തിൽ പറഞ്ഞിരിക്കുന്ന അഗ്നിയും പതിനൊന്നാം വാകൃത്തിൽ പറഞ്ഞിരിക്കുന്ന അഗ്നിയും തുല്യമാണ്.

പന്ത്രാം വചനം വായിക്കുമ്പോൾ ഇത് വളരെ വ്യക്തമാകും.

വീശുമുറം അവന്റെ കയ്യിലു്. അവൻ കളത്തെ മുറ്റും വെടിപ്പാക്കി കോതമ്പുകളപ്പുരയിൽ കൂട്ടിവെക്കയും പതിർ കെടാത്ത തീയിൽ ഇട്ടു ചുട്ടുകളയുകയും ചെയ്യും (മത്താ 3:12).

പത്താം വാകൃത്തിലും, പന്ത്രാം വാകൃത്തിലും യോഹന്നാൻ സ്നാപകൻ നരകത്തിലെ അഗ്നിയെക്കുറിച്ചാണ് പറയുന്നത്. ആലങ്കാരിക ഭാഷയിൽ കോതമ്പ് എന്ന ഒരു ഗ്രൂപ്പും പതിർ എന്ന മറ്റൊരു ഗ്രൂപ്പുമായി ജനത്തെ തരം തിരിച്ചിരിക്കുന്നു. **കോതമ്പ്** "കളപ്പുരയിൽ കൂട്ടിവെയ്ക്കുകയും" **പതിർ** "കെടാത്ത തീയിൽ ഇട്ടു ചുട്ടുകളയുകയും" ചെയ്യും.

വിശ്വാസികളെ പരിശുദ്ധാത്മാവിനാലും ജാതികളെ അഗ്നിയാലും സ്നാനം കഴിപ്പിക്കുമെന്നാണ് പതിനൊന്നാം വാകൃത്തിൽ യോഹന്നാൻ വിവക്ഷിക്കുന്നത്. വിശ്വാസികൾ അഗ്നിയിൽ സ്നാനപ്പെട്ടതായി അപ്പോസ്തല പ്രവർത്തിയിൽ തെളിവുോ? ഇല്ല. പെന്തക്കോസ്തു നാളിൽ ശിഷ്യന്മാർ പരിശുദ്ധാത്മാവിനാൽ സ്നാനം ഏറ്റു എന്നും അഗ്നിനാവുകൾ അവരുടെ മേൽ വന്നു എന്നും ലൂക്കോസ് വിവരിക്കുന്നു്. പക്ഷെ ഇത് അഗ്നിസ്നാനമാണ് എന്ന് ലൂക്കോസ് പറയുന്നില്ല. അപ്പോസ്തലന്മാരുടെ ലേഖനത്തിൽ, വിശ്വാസികൾ അഗ്നിയിൽ സ്നാനപ്പെട്ടു എന്നു പറയുന്നുോ? ഇല്ല. ഇതിൽനിന്നും ഒരു വിശ്വാസിയും അഗ്നിയിൽ സ്നാനം കാംക്ഷിക്കുന്നതായി കാണുന്നില്ല.

## വചനത്തിൽനിന്നും ഉതിർന്നുവന്ന തെറ്റായ ഒരു സുവിശേഷം (A False Gospel Derived from Scripture)

വചനത്തെ പലപ്പോഴും ഉപദേഷ്ടാക്കളും പ്രസംഗകരും തെറ്റായി ഉപദേശം വ്യാഖ്യാനിക്കാറു്. ഇക്കാരണത്താൽ പലപ്പോഴും ദൈവകൃപ അന്യപ്പെട്ടുപോയിട്ടു്. തെറ്റായ വ്യാഖ്യാനം ദൈവകൃപ വഴുതിപ്പോകുവാൻ ഇടയാക്കുന്നു.

ഉദാഹരണത്തന് എഫേ 2:8 പൗലോസ് പറയുന്നു: പ്രവർത്തിയാലല്ല കൃപയാലാണ് രക്ഷ. സന്ദർഭത്തെ വ്യക്തമായി മനസ്സിലാക്കാതെ വ്യാഖ്യാനിച്ചാൽ അത് തെറ്റായ ഉപദേശത്തിന് വഴി തെളിക്കും.

> കൃപയാലല്ലോ നിങ്ങൾ വിശ്വാസം മുലം രക്ഷിക്കപ്പെട്ടിരിക്കുന്നത്. അതിനും നിങ്ങൾ കാരണമല്ല. ദൈവത്തിന്റെ ദാനമത്രേ ആകുന്നു. ആരും പ്രശംസിക്കാതിരിപ്പാൻ പ്രവർത്തികളും കാരണമല്ല (എഫേ 2:8–9).

പ്രവർത്തിയാലല്ല, കൃപയാലാണ് രക്ഷ എന്ന പൗലോസിന്റെ പ്രസ്താവനയിൽ ചിലർ ഉറച്ചു നില്ക്കുന്നു. രക്ഷയ്ക്കും വിശുദ്ധിക്കും തമ്മിൽ യാതൊരു ബന്ധവുമില്ലായെന്ന് അവർ കരുതുന്നു. രക്ഷയ്ക്ക് പ്രായശ്ചിത്തം പോലും ആവശ്യമില്ലായെന്ന് ചിലർ വിശ്വസിക്കുന്നു. സന്ദർഭത്തെ അവഗണിച്ച് വചനത്തെ വ്യാഖ്യാനിക്കുന്നതിന്റെ പാളിച്ച വെളി പ്പെടുത്തുന്നതിന് ഉചിതമായ ഒരു ഉദാഹരണമാണ് ഇത്.

ഈ പ്രസ്താവനയുടെ ആകെ തുക എന്താണെന്ന് ആദ്യം നോക്കാം. കൃപമൂലം രക്ഷിക്കപ്പെടുന്നു എന്നല്ല കൃപമൂലം വിശ്വാസത്താൻ ന ാം രക്ഷിക്കപ്പെടുന്നു എന്നാണ് പൗലോസ് പറഞ്ഞിരിക്കുന്നത്. രക്ഷക്ക് കൃപയും വിശ്വാസവും തുല്യഅനുപാദമുള്ള അംശങ്ങളാണ്. വിശ്വാസമി ല്ലാത്ത പ്രവർത്തി നിർജ്ജീവമാണ് (യാക്കോ 2: 14-26). വിശുദ്ധി രക്ഷക്ക് അപ്രസക്തമാണെന്ന് പൗലോസ് പഠിപ്പിക്കുന്നില്ല. നമ്മുടെ അധ്വാനമല്ല ദൈവകൃപ ഒന്നുമാത്രമാണ് രക്ഷക്ക് ആധാരം. ദൈവകൃപയും വിശ്വാസവും രക്ഷക്ക് ആവശ്യമാണ്. രക്ഷയുടെയും വിശ്വാസത്തിന്റെയും ഫലമാണ് അനു സരണം.

> നാം അവന്റെ കൈപ്പണിയായി സൽപ്രവർത്തികൾക്കായിട്ട് ക്രിസ്തു യേശുവിൽ സൃഷ്ടിക്കപ്പെട്ടവരാകുന്നു. നാം ചെയ്തു പോരേതിനു ദൈവം അവ മുന്നൊരുക്കിയിരിക്കുന്നു. (എഫേ 2:10).

പരിശുദ്ധാത്മാവിനാൽ ക്രിസ്തുവിൽ പുതിയ സൃഷ്ടിയായിത്തീരു മ്പോൾ സത്പ്രവർത്തിയിലും അനുസരണയിലും നടക്കാൻ കഴിയും പ ൗലോസ് നൽകുന്ന സൂത്രവാക്യം നോക്കാം.

**കൃപ + വിശ്വാസം = രക്ഷ + അനുസരണം.**

കൃപയുടേയും വിശ്വാസത്തിന്റെയും ആകെ തുകയാണ് പ്രവർത്തിയും വിശ്വാസവും. വിശ്വാസത്തിൽ ദൈവകൃപ പ്രവർത്തിക്കു മ്പോൾ രക്ഷയും സത്പ്രവർത്തിയും ഉളവാകും.

പൗലോസിന്റെ വാക്കുകളെ വളച്ചൊടിക്കുന്നവർ കെട്ടിചമക്കുന്ന സൂത്രവാക്യം.

**കൃപ + വിശ്വാസം – അനുസരണ = രക്ഷ**

കൃപയോടു വിശ്വാസം കൂട്ടുകയോ കുറക്കുകയോ ചെയ്യുമ്പോൾ രക്ഷ ലഭിക്കുന്നു. വചനപ്രകാരം ഇത് നിന്ദ്യമാണ്.

പൗലോസിന്റെ വാക്കുകളെ സന്ദർഭത്തിന്റെ ആഴത്തിൽ പഠിച്ചാൽ എഫസോസിന്റെ അവസ്ഥതന്നെയാണ് പൗലോസ് പ്രസംഗിച്ച ഏതു സ്ഥലത്തും ഉായിരുന്നതെന്ന് മനസ്സിലാക്കാം. ജാതികളിൽ നിന്ന് രക്ഷിക്ക പ്പെട്ടു വന്ന ഏവരേയും അവർ രക്ഷിക്കപ്പെടണമെങ്കിൽ അഗ്രചർമ്മവും മോശ യുടെ ന്യായപ്രമാണവും അനുസരിക്കണമെന്ന് യഹൂദന്മാർ അവരെ നിർബ

ന്ധിച്ചതായികാണാം.  ഇതിന്റെ പാശ്ചാത്തലത്തിലാണ്, നമ്മുടെ പ്രവർത്തികൾ നമ്മെ രക്ഷിക്കയില്ലായെന്ന് പൗലോസ് പഠിപ്പിച്ചത് (എഫേ 2: 11–22).

പൗലോസ് എഫസോസ് സഭക്ക് എഴുതിയ ലേഖനങ്ങളെ ഊന്നൽ കൊടുത്ത് നാം പഠിച്ചാൽ, വിശുദ്ധി രക്ഷക്ക് അനിവാര്യമാണെന്ന് പൗലോസ് വിശ്വസിച്ചിരുന്നതായികാണാം.

> ദുർന്നടപ്പും യാതൊരു അശുദ്ധിയും  അത്യാഗ്രവും നിങ്ങളുടെ ഇടയിൽ പേർപറകപോലും അരുത്.  അങ്ങനെ ആകുന്നു വിശുദ്ധന്മാർക്ക് ഉചിതം.  ചീത്തത്തരം, പൊട്ടച്ചൊൽ, കളിവാക്ക് ഇങ്ങനെ ചേർച്ചയില്ലാത്തവ ഒന്നും അരുത്, സ്തോത്രമത്രേ വേത്. ദുർന്നടപ്പുകാരൻ, അശുദ്ധൻ, വിഗ്രഹാരാധി, ദ്രവ്യാഗ്രഹി, ഇവർക്കാർക്കും ക്രിസ്തുവിന്റേയും, ദൈവത്തിന്റേയും രാജ്യത്തിൽ അവകാശമില്ലാ എന്നു നിങ്ങൾ അറിയുന്നുവല്ലൊ.  വ്യർത്ഥവാക്കുകളാൽ ആരും നിങ്ങളെ ചതിക്കരുത്. ഈ വക നിമിത്തമല്ലോ ദൈവകോപം അനുസരണം കെട്ടവരുടെ മേൽ വരുന്നത് (എഫേ 5:3–6).

അശുദ്ധരും, ദുർമ്മാർഗ്ഗികളും ദൈവഭയമില്ലാത്തവരും ആയവരെ ദൈവം തന്റെ കൃപയാൽ രക്ഷിക്കുമെന്ന് പൗലോസ് വിശ്വസിച്ചിരുന്നെങ്കിൽ, പൗലോസ് ഒരിക്കലും ഇങ്ങനെ എഴുതുകയില്ലായിരുന്നു. പൗലോസ് എഫേസ്യർക്ക് എഴുതിയ ലേഖനത്തിന്റെ ആഴം അറിയാൻ എഫേ 2:8–9 വരെയുള്ള വാക്യങ്ങൾ പഠിച്ചാൻ മതിയാകും.

## ഗലാതൃരുടെ പരാജയം
## (The Galatian Fiasco)

ഗലാതൃസഭക്ക്  പൗലോസ് എഴുതിയ ലേഖനങ്ങളും ദുർവ്യാഖ്യാനം ചെയ്യപ്പെട്ടിട്ടു്. തന്മൂലം സുവിശേഷം വികൃതമായി. പൗലോസ് തന്റെ ലേഖനത്തിലൂടെ ഇത് തിരുത്താൻ ശ്രമിക്കുന്നു.

‘‘പ്രമാണത്തിന്റെ പ്രവർത്തിയാലല്ല, വിശ്വാസത്തിന്റെ വീര്യത്താലാണ് രക്ഷ’’ എന്ന് സ്ഥാപിക്കുകയാണ് പൗലോസിന്റെ ലേഖനത്തിന്റെ ലക്ഷ്യം. ദൈവരാജ്യത്തിൽ പ്രവേശിക്കുന്നതിന് വിശുദ്ധി ആവശ്യമില്ലായെന്ന് വായനക്കാർ ഗ്രഹിക്കണമെന്ന് പൗലോസ് കരുതിയിരുന്നോ?  ഒരിക്കലുമില്ല.

മോശയുടെ പ്രമാണം അനുശാസിക്കുന്ന പരിച്ഛേദന രക്ഷക്ക് ആധാരമാണെന്ന ദുരുപദേശം ഗലാതൃവിശ്വാസികളെ പഠിപ്പിച്ച യഹൂദന്മാരെ പൗലോസ് തർജ്ജനം ചെയ്യുന്നതായികാണാം.  പരിച്ഛേദന പലപ്പോഴും വിശ്വാസത്തിന് വൈരുദ്ധ്യം ഉാക്കുന്നതായി പൗലോസ് ചൂിക്കാണിക്കുന്നു (ഗലാ. 2:3, 7–9, 12, 5:2–3, 6, 11, 6: 12–13, 15) ക്രിസ്തുവിന്റെ കല്പനകളെക്കാ

ളുപരി രക്ഷയ്ക്കായി അവർ ആശ്രയിച്ചത് മോശയുടെ ന്യായപ്രമാണത്തെയാ ണെന്ന് പൗലോസ് അഭിപ്രായപ്പെടുന്നു.

പൗലോസ് ഗലാത്യസഭക്ക് എഴുതിയ ലേഖനത്തിന്റെ അഞ്ചാമത്തെ അദ്ധ്യായം ശ്രദ്ധിക്കാം.

> ആത്മാവിനെ അനുസരിച്ചുനടക്കുന്നു എങ്കിൽ നിങ്ങൾ ന്യായപ്രമാണ ത്തിൻ കീഴിലുള്ളവരല്ല. ജഡത്തിന്റെ പ്രവർത്തികളോ, ദുർനടപ്പ്, അശുദ്ധി, ദുഷ്കാമം, വിഗ്രഹാരാധന, ആഭിചാരം, പക, പിണക്കം, ജാരശങ്ക, ക്രോധം, ശാഠ്യം,ദ്വന്ദ്വപക്ഷം, ഭിന്നത,അസൂ യ,മദ്യപാനം,വെറിക്കുത്തു മുതലായവ എന്നു വെളിവാക്കുന്നു. ഈ വക പ്രവർത്തിക്കുന്നവർ ദൈവരാജ്യം അവകാശമാക്കുകയില്ലയെന്നു ഞാൻ മുൻപേ പറഞ്ഞതുപോലെ ഇപ്പോഴും നിങ്ങളോട് മുൻകൂട്ടിപറ യുന്നു (ഗലാ: 5:18-21).

അശുദ്ധിയോടെ ജീവിച്ചാലും സ്വർഗ്ഗരാജ്യം കരസ്തമാക്കാൻ കഴിയു മായിരുന്നെങ്കിൽ പൗലോസ് ഗലാത്യസഭക്ക് ഇങ്ങനെ എഴുതുമായിരുന്നില്ല. വിശുദ്ധിയില്ലാത്തവർക്കും സ്വർഗ്ഗരാജ്യം ലഭിക്കും എന്നല്ല പൗലോസിന്റെ സന്ദേശത്തിന്റെ സാരം. ദൈവത്തിന്റെ കൃപയെ തുച്ഛീകരിക്കുകയും, ക്രിസ്തുവിന്റെ ത്യാഗത്തെ അവഗണിക്കയും ചെയ്തുകൊ് മോശയുടെ ന്യായപ്രമാണത്തിന്റെ ഉപദേശമായ പരിച്ഛേദനയിലൂടെ രക്ഷ കൈവശമാ ക്കാമെന്ന് വിശ്വസിച്ചവരോടുള്ള ഒരു തുറന്ന തർജ്ജനമായിരുന്നു അത്. യേശുമുലമുള്ള രക്ഷ ഒരുവനെ വിശുദ്ധിയുള്ള പുതുസൃഷ്ടിയാക്കി മാറ്റു ന്നു.

> പരിച്ഛേദനയല്ല, അഗ്രചർമവുമല്ല പുതിയ സൃഷ്ടിയത്രേ കാര്യം (ഗലാ. 6:15).

സന്ദർഭത്തിന് പ്രാധാന്യം നൽകി വേണം വചനത്തെ വ്യഖ്യാനിക്കു വാൻ. കാരണം അതിന്റെ സന്ദർഭത്തിന് വളരെ പ്രധാന്യമു്. സന്ദർഭത്തെ അവഗണിച്ച് വചനത്തെ വ്യാഖ്യാനിച്ചാൽ അത് വികലമായിപ്പോകും. ശുശ്രൂ ഷകൻ പ്രത്യേകിച്ചും ഈ കാര്യത്തെ ശ്രദ്ധയോടെ കൈകാര്യം ചെയ്യണം.

ഞാൻ ഒരു ഉദാഹരണം പറയാം: ഒരിക്കൽ ഒരു ദൈവദാസൻ പ്രസംഗിക്കുന്നതുകേട്ടു. നാം സുവിശേഷം പ്രസംഗിച്ചുകൊിരിക്കുമ്പോൾ ദൈവ കോപത്തെക്കുറിച്ച് ഒന്നും പറയരുത് കാരണം ദൈവത്തിന്റെ ദയ യാണ് മാനസാന്തരത്തിലേക്കു ഒരുവനെ നടത്തുന്നത് (റോമ 2:4) ഈ ദൈവ ദാസനെ സംബന്ധിച്ചിടത്തോളം ദൈവസ്നേഹവും നന്മയും മാത്രമാണ് ജന ത്തെ മാനസാന്തരത്തിലേക്കു നയിക്കുവാൻ ആവശ്യമായ സുവിശേഷത്തിന്റെ ഘടകങ്ങൾ.

റോമർ രാം അദ്ധ്യായത്തെ ആധാരമാക്കി പ്രസംഗിച്ച ആ വാക്യ ത്തിന്റെ തുടർമാനഭാഗത്ത് ന്യായവിധിയേയും ദൈവ കോപത്തേയും രേഖ

പ്പെടുത്തിയിരിക്കുന്നത് കാണാൻ കഴിയും. പൗലോസ് പ്രസ്താവിച്ച വചനഭാഗങ്ങളിൽ ആ പ്രസംഗകൻ ഉദ്ധരിച്ച അർത്ഥമല്ല ഉൾക്കൊള്ളുന്നത് എന്ന് കാണാൻ കഴിയും.

> എന്നാൽ ആ വക പ്രവർത്തിക്കുന്നവരുടെ മേൽ നീതിപൂർവ്വമായ ദൈവത്തിന്റെ വിധി ഉാകുമെന്ന് നമുക്കറിയാം. ആ വക പ്രവർത്തിക്കുന്നവരെ വിധിക്കുകയും അതുതന്നെ പ്രവർത്തിക്കുകയും ചെയ്യുന്ന മനുഷ്യാ, നീ ദൈവത്തിന്റെ വിധിയിൽ നിന്നു തെറ്റി ഒഴിയും എന്നു വിചാരിക്കുന്നുവോ? അല്ല, ദൈവത്തിന്റെ ദയ നിന്നെ മാനസാന്തരത്തിലേക്കു നടത്തുന്നു എന്ന് അറിയാതെ നീ അവന്റെ ദയ, ക്ഷമ, ദീർഘക്ഷമ എന്നിവയുടെ ഐശ്വര്യം നിരസിക്കുന്നുവോ? എന്നാൽ നിന്റെ കാഠിന്യത്താലും അനുതാപമില്ലാത്ത ഹൃദയത്താലും നീ ദൈവത്തിന്റെ നീതിയുള്ള കോപം കൂട്ടി വയ്ക്കുന്നു. അവൻ ഓരോരുത്തന് തന്റെ പ്രവർത്തിക്ക് തക്ക പകരം ചെയ്യും. നല്ല പ്രവൃത്തിക്കുവേുന്ന സ്ഥിരതപൂ തേജസ്സും മാനവും അക്ഷയതയും അന്വേഷിക്കുന്നവർക്ക് നിത്യജീവനും, ശാഠ്യം പൂ സത്യം അനുസരിക്കാതെ അനീതി അനുസരിക്കുന്നവർക്കും കോപവും ക്രോധവും കൊടുക്കും. തിന്മ പ്രവർത്തിക്കുന്ന ഏതു മനുഷ്യാത്മാവിനും, കഷ്ടവും, സങ്കടവും ആദ്യം യഹൂദനും, പിന്നെ യവനനും വരും (റോമ 2:2–9).

ദൈവകോപം നമ്മിൽ വരാതെ ദൈവം കാലതാമസം വരുത്തുന്നതാണ് ദൈവത്തിന്റെ ദയ. മനംതിരിഞ്ഞ് മാനസാന്തരപ്പെടുവിൻ എന്ന് വേദപുസ്തകത്തിൽ ഉടനീളം കാണുന്ന ആഹ്വാനത്തിൽ ദൈവകോപത്തിൽ നിന്നു ഒഴിഞ്ഞുനില്ക്കുവിൻ എന്ന ആജ്ഞയുടെ മാറ്റൊലിയാണ് കേൾക്കുന്നത്.

## വചനത്തിന്റെ ഉറപ്പ്
## (Scripture's Consistency)

ഏക വ്യക്തിയുടെ പ്രചോദനത്തിന്റെ പ്രതിഫലനമാണ് ബൈബിൾ. അത് സന്ദേശപൂർണ്ണവും തീഷ്ണവുമാണ്. അതിലെ ഏതു വേദഭാഗമെടുത്താലും അതിലുള്ള അന്തസത്തയുടെ ആഴത്തെ ദൈവഹിത പ്രകാരം വ്യാഖ്യാനിക്കാൻ കഴിയും. ഒരു വചനത്തിന് വിരുദ്ധമായി മറ്റൊരു വചനം ഇല്ല. ഇരുവചനങ്ങളും താരതമ്യപ്പെടുത്തുവാൻ ഒരു സുദീർഘപഠനവും ആവശ്യമില്ല. യേശുവിന്റെ ഗിരിപ്രഭാഷണത്തിൽ യേശു പല വചനത്തിനും പ്രത്യേകിച്ച് പഴയനിയമ പ്രമാണങ്ങൾക്ക് പുതിയ വ്യാഖ്യാനവും നിർവ്വചനവും കൊടുത്തതായി കാണാം. ഉദാഹരണത്തിന്:

> കണ്ണിന് പകരം കണ്ണും പല്ലിനുപകരം പല്ലും എന്ന് അരുളിച്ചെയ്തത് നിങ്ങൾ കേട്ടിട്ടുല്ലോ? ഞാനോ നിങ്ങളോടു പറയുന്നത്: ദുഷ്ട

നോടു എതിർക്കരുത്, നിങ്ങളുടെ വലത്തെ ചെകിട്ടത്ത് അടിക്കുന്നവന് മറ്റേതും തിരിച്ചു കാണിക്കുക (മത്താ 5: 38–39).

മോശയുടെ ന്യായപ്രമാണത്തെ ഉദ്ധരിച്ചുകൊ് യേശു അതിന്റെ നേർവിപരീതമായി മറ്റൊരു ചട്ടം ഇവിടെ ഉദ്ധരിക്കുകയാണ്. യേശുവിന്റെ പ്രസ്താവനയെ എങ്ങനെ വ്യാഖ്യാനിക്കും? ധാർമ്മികതയുടെ അടിസ്ഥാനത്തിൽ ദൈവത്തിന്റെ മനസിന് മാറ്റം വന്നുവോ? പ്രതികാരം പഴയനിയമത്തിന്റെ പ്രമാണത്തിനുമാത്രമെ ഉള്ളോ? അത് പുതിയ നിയമത്തിന് ബാധകമല്ലെ? നാം ഇതിൽ ഏത് സ്വീകരിക്കണമെന്നത് ആ പ്രസ്താവനയുടെ സന്ദർഭവുമായി ബന്ധപ്പെട്ടിരിക്കുന്നു.

പരീശന്മാരിലുടേയും, ശാസ്ത്രിമാരിലുടേയുമാണ് പള്ളികളിൽനിന്ന് ആദ്യമായി ജനം വചനം കേട്ടത്. ഈ ജനത്തിൽനിന്നും തെരഞ്ഞെടുക്കപ്പെട്ട ശിഷ്യന്മാരോടാണ് യേശു ഇതുസംസാരിച്ചത് (മത്താ 5:12) കണ്ണിനുപകരം കണ്ണ്, പല്ലിനുപകരം പല്ല് എന്ന വചനത്തിന്റെ സന്ദർഭത്തെ ത്യജിച്ച് വചനത്തെ വളച്ചൊടിച്ച് അവർ ജനത്തിന് നൽകി. നിസ്സാര തെറ്റുകൾക്ക് കുറ്റം ചുമത്താനുള്ള ഒരുപാദിയിയിട്ട് ആ പ്രമാണത്തെ ഉപയോഗിക്കാൻ ദൈവം ആഗ്രഹിച്ചില്ല. പ്രതികാരം അവനുള്ളത് (ആവ 32:35); ശത്രുവിനുപോലും നന്മ ചെയ്യണം (പുറ 23:4–5). എന്നാൽ സന്ദർഭത്തെ അവഗണിച്ച് ശാസ്ത്രിമാരും പരീശന്മാരും ഇതിന് പുതിയ വ്യാഖ്യാനം നൽകി, പ്രതികാരം അവകാശമാണെന്നു സ്ഥാപിച്ചു.[35]

യിസ്രായേലിന്റെ നീതിയെ നിഷ്കർഷിക്കുന്ന സന്ദർഭവുമായി ബന്ധപ്പെട്ടാണ് കണ്ണിനുപകരം കണ്ണ്, പല്ലിനു പകരം പല്ല് എന്ന ദൈവപ്രമാണം സ്ഥാപിതമായിരിക്കുന്നത് (പുറ 21: 22–24) ആവ 19:15–21) ഇതൊരു കോടതി നിയമമായി വച്ചിരിക്കുന്നതിൽനിന്നുതന്നെ വ്യക്തികളുടെ പ്രതികാരത്തോട് ദൈവത്തിനുള്ള എതിർപ്പ് വ്യക്തമാക്കപ്പെട്ടിരിക്കുന്നു. തെറ്റിന് ഉചിതമായ ശിക്ഷ നൽകണമെന്ന് ദൈവം ആഗ്രഹിക്കുന്നു. അതുകൊാണ് കണ്ണിനു പകരം കണ്ണ്, പല്ലിനുപകരം പല്ല് എന്നിങ്ങനെ പറഞ്ഞിരിക്കുന്നത്.

ഇതുകൊാണ് യേശുവിന്റെ കല്പനകൾ പലപ്പോഴും വൈരുദ്ധ്യമുള്ളതായി തോന്നുന്നത്. ജീവിതം മുഴുവൻ പരീശന്മാരുടേയും ശാസ്ത്രിമാരുടേയും തെറ്റായ ഉപദേശം കേട്ടു ശീലിച്ച ജനത്തോട് സത്യാവസ്ഥ വെളിപ്പെടുത്തുക മാത്രമാണ് യേശു ചെയ്തത്. മോശയുടെ ന്യായപ്രമാണത്തിന് വിരുദ്ധമായി യേശു ചിന്തിച്ചില്ല, അതിന്റെ യഥാർത്ഥ പൊരുൾ വെളിപ്പെടുത്തുകയാണ് ചെയ്തത്.

---

35 .നിങ്ങളുടെ നീതി ശാസ്ത്രിമാരുടേയും പരീശന്മാരുടേയും നീതിയെ കവിയുന്നില്ലായെങ്കിൽ നിങ്ങൾ സ്വർക്ഷരാജ്യത്തിൽ കടക്കുകയില്ല (മത്താ 5:20) എന്ന് യേശുതന്നെ തന്റെ പ്രഭാഷണത്തിൽ പ്രസ്താവിച്ചിട്ട്. തുടർന്നും പരീശന്മാരുടേയും ശാസ്ത്രിമാരുടേയും ദൗർബല്യത്തെക്കുറിച്ച് യേശു പറഞ്ഞിട്ട്. നിങ്ങളുടെ നീതി അവരുടെ നീതിയെ കവിയുന്നില്ലായെങ്കിൽ നിങ്ങൾ സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുകയില്ല (മത്താ 5:20). തുടർന്നും പരീശന്മാരുടേയും ശാസ്ത്രിമാരുടേയും കുറവുകളെ യേശു ചൂീകാണിച്ചിട്ട്.

കോടതിയെ ആശ്രയിക്കത്തക്ക വിധത്തിലുള്ള തർക്കങ്ങളും കലഹ ങ്ങളും ജീവിതത്തിലുാകുമ്പോൾ, നാം എന്തുതീരുമാനം ഏടുക്കുമെന്നതിനെ-ക്കുറിച്ച് അറിയാൻ യേശു ആഗ്രഹിക്കുന്നു എന്ന് നമുക്ക് മനസ്സിലാക്കാം. പ്രതികാരം ചെയ്യുവാൻ വ്യവസ്ഥയില്ലാത്തതുകൊാണ് യിസ്രായേൽ ജന ത്തിന്റെ തർക്കം തീർക്കാൻ കോടതികൾ സ്ഥാപിക്കപ്പെട്ടത്. അതുപോലെ, വിശ്വാസികൾക്ക് പ്രതികാരം ചെയ്യാൻ വചനത്തിൽ വ്യവസ്ഥയില്ലാ.

വിശ്വാസികൾ വ്യവഹാരത്തിന് അഭക്തന്മാരുടെ മുമ്പിൽ പോകാതെ വിശുദ്ധന്മാരുടെ മുമ്പിൽ പോകണമെന്ന് പുതിയനിയമം അനുശാസിക്കുന്നു (1കൊരി 6:1-6) കണ്ണ്, പല്ല് മുതലായ അവയവങ്ങളെ മാരകമായി ക്ഷതമേൽപിക്കുന്ന ഒരുവനെതിരെ കോടതിയിൽ നിയമം തേടാം. എന്നാൽ ഒരു ദൈവ പൈതൽ നിസ്സാരമായ തെറ്റുകളെ പൊറുക്കുകയും നീതികെട്ട വനിൽനിന്ന് അകന്നുനടക്കുകയും വേണം.ദുഷ്ടന്മാരോടും പാപികളോടും കരുണയും കൃപയും കാട്ടി നാം യേശുവിന്റെ മാതൃക വെളിപ്പെടുത്തണം.

ചിലർ യേശുവിന്റെ മാതൃകയെ പിൻപറ്റുകയാണെന്ന് വെളിപ്പെടു ത്താറു്.അതായത് ഒരു മോഷ്ടാവിനെതിരെ നിയമപരമായ നടപടി എടു ക്കാതെ കുറ്റവാളിയെ യേശുവിന്റെ പേരിൽ വെറുതെ വിടുന്നു. ഒരു കവിളിൽ അടിക്കുമ്പോൾ മറുകവിൾ കാട്ടുക എന്ന നിയമത്തെ പിൻതുടരുകയാണെന്ന്, ഇതിലുടെ അവർ വെളിപ്പെടുത്തുകയാണ്. എന്നാൽ യഥാർത്ഥത്തിൽ അവർ കുറ്റവാളിയെവീും കുറ്റം ചെയ്യാൻ പരോക്ഷമായി പ്രോത്സാഹിപ്പിക്കുകയാണ്. കുറ്റവാളി തെറ്റ് ഏറ്റുപറഞ്ഞ് അനുതപിക്കണമെന്നാണ് ദൈവം ആഗ്രഹിക്കു ന്നത്. എന്നാൽ ക്ഷമിക്കപ്പെടാവുന്ന തെറ്റുകൾ ക്ഷമിച്ച് ശത്രുവിനെ സ്നേഹിക്കണം.

## പുതിയ നിയമത്തിന്റെ അടിസ്ഥാനത്തിൽ പഴയ നിയമത്തിന് ഒരു വ്യാഖ്യാനം
## (Interpreting the Old in Light of the New)

പഴയനിയമത്തെ പുതിയ നിയമത്തിന്റെ വെളിച്ചത്തിലും പുതിയനിയ മത്തെ പഴയ നിയമത്തിന്റെ വെളിച്ചത്തിലും വ്യാഖ്യാനിക്കുന്നു്. ഉദാഹരണ ത്തിന്, മോശയുടെ പ്രമാണത്തിലെ ആഹാരരീതി പുതിയ നിയമത്തിലെ ക്രിസ്ത്യാനികൾ പാലിക്കണമെന്ന് ആത്മാർത്ഥമായി ആഗ്രഹിക്കുന്നവരു്. എന്നാൽ പുതിയ നിയമത്തിന്റെ ഉടമ്പടിയുമായി പഴയനിയമത്തിന്റെ ആഹാര രീതികൾ യോജിക്കുകയില്ലായെന്ന് പുതിയ നിയമത്തിന്റെ ചില വചനങ്ങൾ വായിക്കുമ്പോൾ തന്നെ മനസ്സിലാകും.

യേശു അവരോട്: ഇങ്ങനെ നിങ്ങളും ബോധമില്ലാത്തവരൊ? പുറ ത്തുനിന്ന് മനുഷ്യന്റെ അകത്ത്ചെല്ലുന്ന യോതൊന്നിനും അവനെ അശുദ്ധമാ ക്കാൻ കഴിയുകയില്ലായെന്ന് തിരിച്ചറിയുന്നില്ലല്ലോ? അത് അവന്റെ ഹൃദയ ത്തിലല്ല വയറ്റിൽ അത്രേ ചെല്ലുന്നത് പിന്നെ മറപ്പുരയിലേക്കുപോകുന്നു.

ഇങ്ങനെ സകലഭോജ്യങ്ങൾക്കും ശുദ്ധിവരുത്തുന്നു എന്നു പറഞ്ഞു. (മർക്കോ 7: 18–19).

> എന്നാൽ ഭാവികാലത്ത് ചിലർ വ്യാജാത്മാക്കളുടേയും ഭൂതങ്ങളുടേയും ഉപദേശങ്ങളെ ആശ്രയിച്ച് ഭോഷ്ക്ക് പറയുന്നവരുടെ കപടത്താൽ വിശ്വാസം ത്യജിക്കുമെന്ന് ആത്മാവ് തെളിവായി പറയുന്നു. അവർ സ്വന്ത മനസാക്ഷിയിൽ ചൂടുപിടിച്ചവരായി വിവാഹം വിലക്കുകയും, സത്യത്തെ ഗ്രഹിച്ചിരുന്ന വിശ്വാസികൾ സ്തോത്രത്തോടെ അനുഭവിപ്പാൻ ദൈവം സൃഷ്ടിച്ച ഭോജ്യങ്ങളെ വർജ്ജിക്കണമെന്ന് കല്പിക്കുകയും ചെയ്യും. എന്നാൽ ദൈവത്തിന്റെ സൃഷ്ടി എല്ലാം നല്ലത്. സ്തോത്രത്തോടെ അനുഭവിക്കുന്നെങ്കിൽ ഒന്നും വർജ്ജിക്കേതല്ല. ദൈവ വചനത്താലും പ്രാർത്ഥനയാലും വിശുദ്ധീകരിക്കപ്പെടുന്നുവല്ലോ (1 തിമോ 4:1–5).

പുതിയ ഉടമ്പടി പ്രകാരം നാം മോശയുടെ പ്രമാണത്തേയല്ല യേശുവിന്റെ പ്രമാണത്തേയാണ് പാലിക്കേത് (1 കൊരി 9: 20–21) മോശയുടെ പ്രമാണത്തിന് യേശു ഊന്നൽ നൽകി. എന്നാൽ യേശുവോ അപ്പോസ്തലന്മാരോ ഭക്ഷണകാര്യത്തിൽ മോശയുടെ പ്രമാണം പിൻതുടരാൻ പറഞ്ഞിട്ടില്ല. ആരംഭകാലത്തെ ക്രിസ്ത്യാനികളെല്ലാം യഹൂദന്മാരായിരുന്നു. തന്മൂലം അവരുടെ ഭക്ഷണരീതി അവരുടെ സംസ്കാരവുമായി ബന്ധപ്പെട്ടതായിരുന്നു. (അപ്ര 10: 9–14) ജാതികൾ യേശുവിൽ വിശ്വസിക്കാൻ തുടങ്ങിയപ്പോൾ യഹൂദന്മാരെപ്പോലെ ഭക്ഷണരീതിയിൽ യഹൂദരുടെ ഭക്ഷണക്രമം തുടരാൻ നിർബന്ധിതരായി (അപ്ര 15: 1–21). ക്രിസ്ത്യാനികളും യഹൂദന്മാരുടെ ഭക്ഷണക്രമം പിൻതുടരുന്നതിൽ തെറ്റില്ല. പക്ഷേ, ആ ഭക്ഷണക്രമം രക്ഷയ്ക്ക് ആവശ്യമാണ് എന്ന് വിശ്വസിക്കരുത്.

വിഗ്രഹാർപ്പിതം ഭക്ഷിക്കുവാൻ പാടില്ലായെന്ന് ആദിമ ക്രിസ്തീയ സമൂഹത്തെ കർശനമായി വിലക്കിയിരുന്നു. വിശ്വാസത്തിൽ ബലഹീനനായവനെ ചേർത്തുകൊള്ളുവാൻ പൗലോസ് ഉപദേശിക്കുന്നു (റോമ 14:1) യാതൊന്നും സ്വതവേ മലിനമല്ല. വല്ലതും മലിനം എന്ന് എണ്ണുന്നവനുമാത്രം അത് മലിനം ആകുന്നു. നിന്റെ ഭക്ഷണപ്രകാരം നീ സഹോദരനെ വ്യസനിപ്പിച്ചാൽ നീ സ്നേഹപ്രകാരം നടക്കുന്നില്ല (റോമ 14: 1–23).

വചനം വെളിപ്പാടായതുകൊ് നാം പഴയനിയമത്തെ (വെളിപ്പാടിനെ) പുതിയനിയമത്തിന്റെ (വെളിപ്പാടിന്റെ) വെളിച്ചത്തിൽ വിലയിരുത്തണം. ദൈവം തന്ന വെളിപ്പാടൊന്നും വൈരുദ്ധ്യമുള്ളതല്ല, അത് ഒന്ന് ഒന്നിനോട് പൂരകമാണ്.

## സംസ്കാരവും, ചരിത്രവും സമന്വയിക്കുന്ന സന്ദർഭം (Cultural and Historical Context)

വചനം പഠിക്കുമ്പോൾ അതിന്റെ ചരിത്രപരവും സാംസ്കാരികവുമായ പാശ്ചാത്തലം കൂടികണക്കിലെടുക്കണം. ഈ പശ്ചാത്തലം വചനത്തിന്റെ ആഴത്തെ അറിയുവാൻ നമ്മെ സഹായിക്കും. ഇതിന് ബൈബിളിനോടൊപ്പം മറ്റു ഗ്രന്ഥങ്ങളുടെ സഹായം തേടുന്നത് നന്നായിരിക്കും. സ്റ്റഡി ബൈബിൾ ഇതിന് വളരെ സഹായകരമായിരിക്കും.

വചനം പഠിക്കുമ്പോൾ പല തെറ്റിദ്ധാരണകൾ വരാം. ഇത് ഒഴിവാക്കാൻ ചരിത്രപരവും സാംസ്കാരികപരവുമായ വിവരണങ്ങൾ നമ്മെ സഹായിക്കും. ചില തെളിവുകൾ ചുവടെ ചേർത്തിരിക്കുന്നു.

1) അവൻ വെണ്മാടത്തിൽ കയറി (അപ്ര: 10:9) അവർ മേല്പുര പൊളിച്ചു തുറന്നു (മർക്കോ 2:4) എന്നൊക്കെ നാം വചനത്തിൽ വായിക്കുന്നു. ആ കാലഘട്ടത്തിൽ യിസ്രായേലിൽ ഉായിരുന്ന വീടുകൾക്ക് പരന്ന മേൽക്കുര ഉായിരുന്നെന്നും അതിൽ കയറുവാൻ വശങ്ങളിലൂടെ കോവണികൾ ഉായിരുന്നെന്നും മനസ്സിലാക്കാം. മേൽക്കുരയിൽ തൂങ്ങിക്കേറി പുകക്കുഴലിൽ കാൽ പിണഞ്ഞിരിക്കുന്നതായി ചിന്തിക്കരുത്.

2) ഫലം കായിക്കുന്ന കാലമല്ലായിരുന്നിട്ടുകുടി യേശു അത്തിവൃക്ഷത്തിൽ ഫലം തേടി എന്ന് മർക്കോസ് 11:12-14 വരെയുള്ള ഭാഗത്ത് രേഖപ്പെടുത്തിയിരിക്കുന്നു. അത്തി വൃക്ഷത്തെ സംബന്ധിച്ചിടത്തോളം ഫലം കൊടുക്കുന്ന കാലമല്ലെങ്കിൽപോലും, അത്തിവൃക്ഷത്തിൽ അങ്ങിങ്ങായി ഫലം ഉായിരിക്കും. ഈ സത്യം അറിയുന്നവർക്കേ യേശു അത്തിയിൽ ഫലം തിരഞ്ഞതിന്റെ പൊരുൾ മനസ്സിലാകുകയുള്ളു.

3) യേശു ഒരു പരീശന്റെ വീട്ടിൽ ഭക്ഷണത്തിന് ഇരിക്കുമ്പോൾ ആ പട്ടണത്തിലെ പാപിനിയായ ഒരു സ്ത്രീ ഒരു വെങ്കൽഭരണി പരിമള തൈലം കൊുവന്നു, പുറകിൽ യേശുവിന്റെ കാൽക്കൽ കരഞ്ഞുകൊുനിന്നു, കണ്ണുനീർ കൊ് അവന്റെ കാൽ നനച്ചു, തലമുടികൊ് കാൽ തുടച്ചു ചുംബിച്ചു തൈലം പൂശി. ഭക്ഷണമേശയിൽ ഇത് എങ്ങനെ സംഭവിക്കും? അവൾ മേശയുടെ അടിയിലൂടെ ഇഴഞ്ഞുകയറിയോ? ഭക്ഷണം കഴിച്ചുകൊിരുന്ന മറ്റുള്ളവരുടെ കാലുകളെ കടന്ന് അവൾ എങ്ങനെ യേശുവിന്റെ അടുക്കൽ എത്തി?

ലൂക്കോസ് 7:37 ൽ അതിന്റെ ഉത്തരം കാണാം യേശു മേശമേൽ ചാഞ്ഞുകിടക്കുകയായിരുന്നു. ഒരു ചെറിയ മേശയ്ക്കുവശം തറയിൽ ചാഞ്ഞുകിടന്നു ഭക്ഷണം കഴിക്കുന്നരീതിയായിരുന്നു അന്നുായിരുന്നത്. ഒരു കയ്യിൽ ചാഞ്ഞ് കിടന്നു മറ്റെകൈകൊ് ഭക്ഷിക്കുന്ന രീതിയായിരുന്നു. ഇങ്ങനെ ചാഞ്ഞുകിടന്നപ്പോഴാണ് യേശുവിന്റെ കാലിൽ ആ സ്ത്രീ തൈലം പുശി മുടികൊ് തുടച്ചത്.

ഇതുപോലെ ഭക്ഷണം കഴിക്കുന്ന വേളയിലാണ് യോഹന്നാൻ യേശുവിന്റെ മാറിൽ ചാരിയിരുന്ന് യേശുവിനോട് ചോദിച്ചത്. ചാരിക്കിടന്ന് യേശുവിനോടു യോഹന്നാൻ സംസാരിച്ചു. (യോഹ: 13: 23–25). ഡാവിഞ്ചിയുടെ അന്ത്യത്താഴം എന്ന പെയിന്റിംഗിൽ യേശുവിന് ഇരുവശവും 6 ശിഷ്യന്മാർ വീതം ഇരിക്കുന്നതായി കാണാം. ബൈബിൾ സംഭവങ്ങളുടെ ചരിത്രപരമായ അറിവ് ഡാവിഞ്ചിക്ക് ഉായിരിക്കേതായിരുന്നു.

## വസ്ത്രത്തെക്കുറിച്ചുള്ള ഒരു ചോദ്യം
## (A Common Question About Clothes)

സ്ത്രീകൾ പുരുഷന്മാരുടെ വേഷമായ ട്രൗസർ ധരിക്കുന്നത് ശരിയാണോ? ലോകത്തിന്റെ വിവിധഭാഗങ്ങളിലുള്ള പാസ്റ്റർമാർ എന്നോടു ചോദിക്കുന്ന ഒരു സാധാരണ ചോദ്യമാണിത്. കാലിക പ്രസക്തമായ ഈ ചോദ്യത്തിന് നിയമത്തിന്റെയും സാംസ്കാരിക പാശ്ചാത്തലത്തിന്റേയും അടിസ്ഥാനത്തിൽ ഉത്തരം കത്തൊം.

വേദപുസ്തകാടിസ്ഥാനത്തിൽ പുരുഷൻ സ്ത്രീയുടേയും, സ്ത്രീ പുരുഷന്റെയും വസ്ത്രങ്ങൾ ധരിക്കുന്നതിന്റെ വിലക്കുകളെ പരിശോധിക്കാം.

> പുരുഷന്റെ വസ്ത്രം സ്ത്രീയും, സ്ത്രീയുടെ വസ്ത്രം പുരുഷനും ധരിക്കരുത്, അങ്ങനെ ചെയ്യുന്നവരൊക്കേയും നിന്റെ ദൈവമായ യഹോവയ്ക്ക് വെറുപ്പാകുന്നു (ആവർത്തനം 22:5).

ഈ കൽപനയുടെ പിന്നിൽ ദൈവത്തിന്റെ ഇച്ഛയെന്താണ്? സ്ത്രീകൾ ട്രൗസർ ധരിക്കുന്നത് ദൈവനിഷേധമാണൊ? അല്ല. കാരണം ഈ കല്പന പുറപ്പെടുവിക്കുമ്പോൾ യിസ്രായേൽ ജനം ട്രൗസർ ഉപയോഗിക്കുകയോ അതിനെക്കുറിച്ച് അറിയുകയോ ചെയ്തിരുന്നില്ല. അന്ന് ഈ വസ്ത്രം ആരും ഉപയോഗിച്ചിരുന്നില്ല. സ്ത്രീയുടേയും പുരുഷന്റേയും വസ്ത്രങ്ങൾ ഏകദേശം ഒരുപോലെ ആയിരുന്നു. ഏതാ് ഇന്നത്തെ പോലെ! ഇതിനെക്കുറിച്ചുള്ള ദൈവഹിതം അറിയണമെങ്കിൽ നാം അല്പം ചരിത്രവും സാംസ്കാരിക പശ്ചാത്തലവും അറിഞ്ഞിരിക്കണം.

ദൈവത്തിന്റെ താത്പര്യം എന്തായിരുന്നു? പുരുഷൻ സ്ത്രീയുടെയും, സ്ത്രീ പുരുഷന്റേയും വസ്ത്രം ധരിക്കുന്നത് ദൈവത്തിന് നിന്ദ്യമാണെന്നു നാം വായിക്കുന്നു. ഇത് വളരെ കർശനമാണെന്നുതോന്നുന്നു. ഒരു സ്ത്രീയുടെ സ്കാർഫ് മൂന്നു സെക്കന്റ് നേരത്തേക്കു ഒരു പുരുഷന്റെ തലയിൽ കിടന്നാൽ, അത് ദൈവനിന്ദയായിമാറുമോ? ഇവിടെ അല്പം സംശയം ഉദിക്കാം.

മനുഷ്യൻ എതിർലിംഗത്തെ വേഷത്തിൽ അനുകരിക്കുന്നതാണ് ദൈവനിന്ദ. എന്തിന് ഒരു പുരുഷൻ വേഷത്തിൽ ഒരു സ്ത്രീയാകണം? വേഷത്തിലൂടെ ലിംഗമാറ്റം അഭിനയിക്കുന്നതെന്തിന്? ഒരേ ലിംഗത്തിലുള്ള വ്യക്തിയെ വശീകരിക്കുന്നതിലുടെ ലിംഗ വൈകൃതം (tramsvestitism) ഉാ

ക്കുകയാണ്. ഇത് എങ്ങനെ ദൈവനിന്ദ ആകാം എന്നത് ചിന്തിക്കാവുന്നതേയുള്ളു. ലൈംഗിക വൈകൃതം ഉാക്കാനല്ലായെങ്കിൽ ഒരു സ്ത്രീ ട്രൗസർ ഇടുന്നതു തെറ്റാണെന്ന് പറയാൻ പറ്റില്ല. (ആവ 22:5ൽ പറഞ്ഞിരിക്കുന്നതുപോലെ) ട്രൗസർ അണിഞ്ഞാലും ഒരുവൾ സ്ത്രീയുടെ രൂപത്തിൽ തന്നെയാണെങ്കിൽ അത് പാപമല്ല.

സ്ത്രീകൾ യോഗ്യമായി വേഷം ധരിക്കണമെന്ന് വചനം പഠിപ്പിക്കുന്നു. (1 തിമൊ 2:9) ശരീരത്തിൽ ഇറുകിക്കിടക്കുന്ന വസ്ത്രങ്ങൾ, അയോഗ്യമാണ്, അത് എതിർലിംഗത്തെ മ്ലേച്ഛതയിലേക്ക് നയിക്കും. വികസ്വരരാജ്യങ്ങളിൽ വേശ്യകൾ ധരിക്കുന്ന വസ്ത്രങ്ങളാണ് വികസിതരാജ്യങ്ങളിൽ സ്ത്രീകൾ ധരിക്കാറുള്ളത്. ക്രിസ്തീയ വിശ്വാസം ഉള്ള ഒരു സ്ത്രീയും പൊതുവിൽ മാദകത്വം പ്രദർശിപ്പിക്കുമാറുള്ള വസ്ത്രം ധരിക്കുകയില്ല.

## ചില ചിന്തകൾ കൂടി
## (A Few Other Thoughts)

ചൈനയിലുള്ള പാസ്റ്റർമാരാരും സ്ത്രീകൾ ട്രൗസർ ധരിക്കുന്നതിനെക്കുറിച്ച് ചോദിച്ചിട്ടില്ല. ചൈനയിലെ സ്ത്രീകൾ അനേകം നാളുകൾക്ക് മുമ്പെ ട്രൗസർ ധരിച്ചു തുടങ്ങിത് ആയിരിക്കാം ഇതിനുകാരണം. ട്രൗസർ സാധാരണ ധരിക്കാത്ത രാജ്യത്തെ പാസ്റ്റർമാരാണ് സ്ത്രീകൾ ട്രൗസർ ധരിക്കാമോ എന്ന ചോദ്യം എന്നോടുചോദിച്ചത്. ഇത് അവരുടെ സാംസ്കാരിക പശ്ചാത്തലത്തെ വെളിപ്പെടുത്തുന്നതാണ്. (Myanmar) മ്യാൻമാർ ദേശത്തുള്ള പുരുഷന്മാരും സ്ത്രീകളും "ലോൻഗ്ഗി" (longgi) എന്ന പാവാട പൊതുവായി ഉപയോഗിക്കുന്നു. അവിടെയുള്ളവർ, പുരുഷന്മാർക്ക് ഈ പാവാട ധരിക്കാമോ എന്ന് എന്നോടുചോദിച്ചിട്ടില്ല. സ്ത്രീപുരിഷന്മാരുടെ വേഷം സ്ഥലകാലങ്ങൾ അനുസരിച്ചുള്ളതാണ്. അവരുടെ സംസ്കാരവുമായി വളരെ ബന്ധപ്പെട്ടതാണ്. അതിനെ വചനവുമായി കൂട്ടിക്കുഴക്കരുത്.

ആവ 22:5 വാക്യ പ്രകാരം സ്ത്രീകൾ ട്രൗസർ ഇടരുത് എന്ന് ശഠിക്കുന്ന പുരുഷൻ ലേവ്യ 19:27 പ്രകാരമുള്ള വാക്യം പാലിക്കാത്തതെന്ത്?

> നിങ്ങളുടെ തലമുടിചുറ്റും വിളുമ്പു വടിക്കരുത്. താടിയുടെ അറ്റം വിരുപമാക്കരുത് (ലേവ്യ 19:27)

ലേവ്യ 19:27 പ്രകാരമുള്ള കല്പന പ്രമാണിക്കാതെ താടിവടിച്ച് സ്ത്രീകളെ അനുകരിക്കുന്ന ഇക്കൂട്ടരാണ് സ്ത്രീകൾ ട്രൗസർ ഇടുന്നത് പാപമാണെന്ന് പരിഹസിക്കുന്നത്. ഇതൊരുതരം കപടഭക്തിയല്ലേ?

ലേവ്യ 19:27 ൽ ഉള്ള ദൈവഹിതമെന്തെന്നറിയാൻ ചരിത്രപരമായ വിവരണങ്ങൾ നമ്മെ സഹായിക്കുന്നു. താടിയുടെ അറ്റം മുറിച്ച് വൃത്താകൃതമാക്കുന്നത് ജാതിയ വിഗ്രഹാരാധനയുടെ ഒരു ഭാഗമാണ്. ദൈവജനം വിഗ്രഹാരാധികളോടു സമന്മാർ ആകുന്നത് ദൈവം ഇഷ്ടപ്പെടുന്നില്ല.

## ആർ സംസാരിക്കുന്നു?
## (Who is Speaking?)

ബൈബിളിൽ വചനത്തിന്റെ സന്ദർഭവും അത് പറഞ്ഞ വ്യക്തിയേയും മനസ്സിലാക്കിയിരുന്നാൽ ആ വചനത്തിന്റെ വ്യക്തമായ ആശയത്തെ മനസ്സിലാക്കാൻ കഴിയും. ബൈബിളിൽ രേഖപ്പെടുത്തിയിരിക്കുന്ന വചനങ്ങൾ എല്ലാം ബൈബിൾ വചനമാണെങ്കിലും അതെല്ലാം ദൈവവചനമാകണമെന്നില്ല. എന്താണ് ഇതുകൊ് അർത്ഥമാക്കുന്നത്?

ദൈവപ്രേരിതമല്ലാതെ ചില വ്യക്തികൾ സംസാരിച്ച വാക്കുകൾ ബൈബിളിലു്. ബൈബിളിലെ എല്ലാവാക്കുകളും ദൈവപ്രേരിതമായി എഴുതപ്പെട്ടതാണെന്ന് നാം വിശ്വസിക്കരുത്.

ഉദാഹരണത്തിന്, ഇയ്യോബും കൂട്ടുകാരും സംസാരിച്ച വാക്കുകൾ ദൈവപ്രേരിതമാണെന്ന് വിശ്വസിക്കുന്നത് തെറ്റാണ്. ഇത് തെറ്റാണ് എന്നുള്ളതിന് രു കാരണങ്ങൾ ചൂിക്കാണിക്കാം. ഒന്ന്, ഇയ്യോബും കൂട്ടുകാരും മുപ്പത്തിനാല് അദ്ധ്യായങ്ങളിലും പരസ്പരം വാദിക്കുകയും വിയോജിക്കുകയും ചെയ്യുന്നതായികാണാം. അവർ പറഞ്ഞതൊന്നും ദൈവപ്രേരിതമായിരുന്നില്ല. ആയിരുന്നെങ്കിൽ ദൈവം സ്വന്തം വാക്കുകളിലൂടെ വൈരുദ്ധ്യം സൃഷ്ടിക്കുകയില്ലായിരുന്നു.

ര്, ഇയ്യോബിന്റെ പുസ്തകത്തിന്റെ അവസാനം ശരിയല്ലാത്ത കാര്യങ്ങൾ സംസാരിച്ചതിന് ദൈവം ഇയ്യോബിനേയും കൂട്ടുകാരേയും ശകാരിക്കുന്നത് കാണാം (ഇയ്യോബ് 38-42).

ഇതെ നിലപാട് പുതിയനിയമം വായിക്കുമ്പോഴും നമുക്ക് ഉായിരിക്കണം. തന്റെ ലേഖനത്തിലെ ചിലഭാഗങ്ങൾ തന്റെതായ അഭിപ്രായങ്ങൾ മാത്രമാണെന്ന് പൗലോസ് പറഞ്ഞിട്ടു് (1 കൊരി 7:12, 25-26, 40).

## ആരെ അഭിസംബോധന ചെയ്തിരിക്കുന്നു?
## (Who is Being Addressed?)

ഒരു വചനഭാഗം ആര്, ആരെ അഭിസംബോധന ചെയ്തിരിക്കുന്നു എന്ന് അറിഞ്ഞിരിക്കണം. ഒരു വചന ഭാഗത്തിന്റെ യഥാർത്ഥ ആശയം മനസ്സിലാക്കാൻ ഇത് അത്യാവശ്യമാണ്. അല്ലാത്തപക്ഷം യഥാർത്ഥ ആശയത്തിന്റെ വിപരീത ആശയമായിരിക്കും നാം മനസ്സിലാക്കുന്നത്.

ഉദാഹരണത്തിന് 34-ാം സങ്കീർത്തനത്തിൽ പറഞ്ഞിരിക്കുന്ന വാഗ്ദത്തത്തെ നോക്കാം.

> യഹോവ നിന്റെ ഹൃദയത്തിലെ ആഗ്രഹങ്ങളെ നിനക്ക് തരും (സങ്കീ 37:4)

ഈ വാഗ്ദത്തത്തിൽ പറഞ്ഞിരിക്കുന്ന അനുഗ്രഹം ഈ വചനം വായിക്കുന്ന/അറിയുന്ന ഏവർക്കും ലഭിക്കുമോ? ഇതിന്റെ സന്ദർഭത്തെ മന സ്സിലാക്കുമ്പോഴാണ് ഈ അനുഗ്രഹം അഞ്ച് വ്യവസ്തകൾ പാലിക്കുന്ന വർക്കുള്ളതാണെന്ന് അറിയാൻ കഴിയുന്നത്.

> യഹോവയിൽ ആശ്രയിക്കുക; നന്മ ചെയ്യുക, ദേശത്തു പാർക്കുക; വിശ്വസ്തത ആചരിക്കുക; യഹോവയിൽ തന്നെ രസിച്ചുകൊൾക. അവൻ നിന്റെ ഹൃദയത്തിലെ ആഗ്രഹങ്ങളെ നിനക്കുതരും (സങ്കീ 37:3-4).

മറ്റൊരുദാഹരണം

> പത്രോസ് യേശുവിനോട് ഇതാ ഞങ്ങൾ സകലവും വിട്ടു: നിന്നെ അനുഗമിച്ചിരിക്കുന്നു. അതിന് യേശു എന്റെ നിമിത്തവും സുവിശേഷം നിമിത്തവും വീടോ സഹോദരന്മാരെയോ, സഹോദരിമാരെയോ അമ്മ യെയോ അപ്പനെയോ മക്കളെയോ, നിലങ്ങളെയോ വിട്ടാൽ, ഈ ലോകത്തിൽ തന്നേ ഉപദ്രവങ്ങളോടും കൂടെ നൂറുമടങ്ങുവീടുകളേയും സഹോദരന്മാരേയും സഹോദരിമാരേയും അമ്മയേയും, മക്കളേയും നിലങ്ങളേയും വരുവാനുള്ള ലോകത്തിൽ നിത്യജീവനെയും പ്രാപി ക്കാത്തവൻ ആരുമില്ല എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടുപറ യുന്നു (മർക്കോ 10:28-30).

ദൈവവേലക്കാരനെ സഹായിക്കുന്നവന് പ്രതിഫലം കിട്ടുമെന്നുള്ള വാഗ്ദത്തം നാം കേട്ടിട്ട്. എന്നാൽ ഈ വാഗ്ദത്തം അത്തരക്കാർക്കുള്ള താണോ? അല്ല. സുവിശേഷത്തെപ്രതി കുടുംബത്തേയും സമ്പത്തിനേയും, സർവ്വത്തേയും ത്യജിച്ച് യേശുവിന്റെ വാഗ്ദത്തം കേട്ട് ഇറങ്ങിയവർക്കുള്ളതാ ണ്.

ഭവനങ്ങളും നിലങ്ങളും ഉപേക്ഷിക്കുന്നവർക്ക് നൂറ് മടങ്ങ് മടക്കി ലഭിക്കുമെന്ന് വാഗ്ദത്തം പ്രസംഗിക്കുന്നവർ, പീഡനങ്ങളും ദൈവമക്കൾക്ക് അർഹമായ അവകാശമാണെന്ന് ഊന്നിപ്പറയാറില്ല. ഭവനം ഉപേക്ഷിച്ച് ഇറ ങ്ങുന്നവന് നൂറ് ഭവനം പകരം നൽകുമെന്ന് യേശു വാഗ്ദത്തം ചെയ്തിട്ടില്ല. കുടുംബത്തേയും, കൂട്ടരേയും വിട്ടൊഴിയുന്നവർക്ക് ആത്മികകുടുംബങ്ങൾ ഒരുക്കപ്പെടുമെന്നാണ് വാഗ്ദത്തം. യഥാർത്ഥ ശിഷ്യന്മാർക്ക് ഈ ഭൂമിയിൽ ഒന്നിന്റേയും ഉടമസ്തതയില്ല, അവർ ദൈവത്തിന്റെ കാര്യവിചാരകന്മാർ മാത്ര മാണ്.

## അവസാന ഉദാഹരണം

## (A Final Example)

മത്തായി 24-25 അദ്ധ്യായങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്ന ഗിരി പ്രഭാഷണം രക്ഷിക്കപ്പെടാത്തവരോടാണെന്നും രക്ഷിക്കപ്പെട്ടവർക്ക് ഇതിൽ

യാതൊരു പങ്കും ഇല്ലെന്നും തെറ്റിദ്ധരിക്കപ്പെട്ടിട്ട്. പത്തുകന്യകമാരുടേയും, അവിശ്വസ്തനായ ദാസന്റെയും ഉപമകൾ അവിശ്വാസികളെ അഭിസംബോധനചെയ്തുകൊള്ളതാണെന്ന് അവർ വിശ്വസിക്കുന്നു. എന്നാൽ ഇത് രും യേശുവിന്റെ പ്രിയപ്പെട്ട ശിഷ്യന്മാരെ ഊന്നിയുള്ളതാണ്.

(മത്തായി 24:3, മർക്കോ 13:3). പത്രോസ് യാക്കോബ്, യോഹന്നാൻ അന്ത്രയോസ് തുടങ്ങി യേശുവിന്റെ പ്രിയശിഷ്യന്മാർ യേശുവിന്റെ രാംവരവിങ്കൽ ഒരുക്കമുള്ളവരായിരിക്കണമെന്ന് മുന്നറിയിപ്പുനൽകുന്നതാണ് ഈ ഉപമകൾ; അങ്ങനെയെങ്കിൽ നാം എത്രമാത്രം ഒരുങ്ങേതായിട്ട്! യേശുവിന്റെ ഒലിവുമലയിലെ പ്രഭാഷണം ഓരോ വിശ്വാസിക്കും ബാധകമാണ്. എനിക്കിതു ബാധകമല്ലായെന്ന് ശഠിച്ച് മാറിനിൽക്കുന്നവർ ഈ പ്രഭാഷണം ആരെ ഊന്നി ഉള്ളതാണെന്ന് മനസ്സിലാക്കിയിട്ടില്ലാത്തവരാണ്.

## നിയമം 3: സത്യസന്ധമായി വായിക്കുക. നിങ്ങളുടെ വേദശാസ്ത്രം അടിച്ചേൽപ്പിക്കരുത്. നിങ്ങൾ വിശ്വസിക്കുന്നതിന് എതിരായി നിങ്ങൾ വായിച്ചറിയുന്നെങ്കിൽ അതിനനുസരിച്ച് ബൈബിളിനെ തിരുത്താൻ ശ്രമിക്കരുത്. നിങ്ങളുടെ വിശ്വാസത്തെ ബൈബിളിന്റെ വചനാടിസ്ഥാനത്തിൽ തിരുത്തുക

### Rule 3: Read Honestly. Don’t free your theology into a text. If you read something that contradicts what you believe, don’t try to change the Bible; change what you believe

നാമെല്ലാം വചനത്തോടടുക്കുന്നത് ഒരു മുൻവിധിയോടെയാണ്. തന്മൂലം സത്യസന്ധമായി വചനം വായിക്കാൻ കഴിയുന്നില്ല. നമ്മുടെ തിയോളജിയെ രൂപപ്പെടുത്താൻ നാം ബൈബിളിനെ അനുവദിക്കുന്നില്ല. പകരം നമ്മുടെ വിശ്വാസമനുസരിച്ച് വചനത്തെ സ്വാധീനിക്കുവാനാണ് നാം ശ്രമിക്കുന്നത്. വചനത്തിന് വിരുദ്ധമായ നമ്മുടെ വിശ്വാസത്തെ ഉറപ്പിക്കാൻ ഉതകുന്ന വചനത്തെ നാം ബൈബിളിലുടനീളം പരതുകയാണ്. ഇതിനെ ''തെളിവുതേടൽ'' എന്നു പറയാം (Proof testing).

> എനിക്ക് അടുത്ത കാലത്ത് ഉായ ഒരനുഭവം പറയട്ടെ. ഒരദ്ധ്യാപകൻ മത്തായി 11:28-29ൽ രേഖപ്പെടുത്തിയിരിക്കുന്ന യേശുവിന്റെ ആഹ്വാനം വായിച്ചു. അധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരും ആയുള്ളോരേ, എല്ലാവരും എന്റെ അടുക്കൽ വരുവിൻ. ഞാൻ നിങ്ങളെ ആശ്വസിപ്പിക്കും. ഞാൻ സൗമ്യതയും താഴ്മയും ഉള്ളവനാകയാൽ എന്റെ നുകം ഏറ്റുകൊ് എന്നോട് പഠിപ്പിൻ; എന്നാൽ നിങ്ങളുടെ ആത്മാക്കൾക്ക് ആശ്വാസം കത്തെും. എന്റെ നുകം മൃദുവും എന്റെ ചുമടു ലഘുവും ആകുന്നു (മത്താ 11: 28-29).

അദ്ധ്യാപകൻ ഇങ്ങനെ തുടർന്നു: യേശു രുതരം ആശ്വാസം വാഗ്ദാനം ചെയ്യുന്നു. 11:28ൽ പറഞ്ഞിരിക്കുന്ന രക്ഷആണ് ആദ്യത്തെ വാഗ്ദത്തം. 11:29ൽ പറഞ്ഞിരിക്കുന്ന ശിഷ്യത്വമാണ് രാമത്തെ വാഗ്ദത്തം. ആദ്യത്തേത്, യേശുവിലേക്കുവരുന്നതിലുള്ള ആശ്വാസം, രാമത്തേത് അവനെ കർത്താവെന്ന് അംഗീകരിച്ച് അവന്റെ നുകം ഏറ്റെടുക്കുന്നത്.

യഥാർത്ഥത്തിൽ യേശു അർത്ഥമാക്കിയത് ഇതാണൊ? അല്ല. ഈ പ്രസ്താവനയിൽ ഇല്ലാത്ത ഒരാശയം ഇതിൽ തിരുകികയറ്റുകയായിരുന്നു. ര ുതരം ആശ്വാസം യേശു വാഗ്ദാനം ചെയ്തിട്ടില്ല. അദ്ധ്വാനിക്കുന്നവർക്കും ഭാരം ചുമക്കുന്നവർക്കും യേശു ആശ്വാസം അരുളി. പൂർണ്ണമായി യേശുവിൽ സമർപ്പിക്കുന്നതിലുടെ ലളിതമായ യേശുവിന്റെ നുകം ചുമക്കുക എന്നുമാത്ര മാണ് യേശു അർത്ഥമാക്കിയത്. ആ അദ്ധ്യാപകൻ ഇതിന് മറ്റൊരു വ്യാഖ്യാന ം കൊടുക്കാൻ കാരണമെന്താണ്? സ്വർഗ്ഗരാജ്യത്തിനായി കാംക്ഷി ക്കുന്നവരുടെ കൂട്ടത്തിൽ വിശ്വാസികൾ, ശിഷ്യന്മാർ എന്ന് ര് വിഭാഗമു് എന്ന സത്യത്തോടുപൊരുത്തപ്പെടാൻ ഈ അദ്ധ്യാപകന്റെ വിശ്വാസം അനുവദിക്കാ ത്തതാണ് കാരണം. തന്മൂലം സത്യസന്ധമായ രീതിയിൽ ഈ ഭാഗത്തെ വ്യാഖ്യാനിക്കാൻ ഈ അദ്ധ്യാപകന് കഴിഞ്ഞില്ല.

യേശു അരുളിച്ചെയ്ത വചനത്തിന്റെ വ്യാഖ്യാനം പലപ്പോഴും തിയോളജിയുമായി പൊരുത്തപ്പെട്ടുപോകുന്നില്ല. വചനത്തിന്റെ മർമ്മ ത്തോടു പൊരുത്തമില്ലാത്ത അനേക വികലമായ വ്യാഖ്യാനം നമുക്ക് കാണാൻ കഴിയും. അനേക വചനഭാഗങ്ങൾ, നാം ക‌ു. അദ്ധ്യാപകൻ വ്യാഖ്യാനം ചെയ്തതുപോലെ, വികലമായി വ്യാഖ്യാനം ചെയ്യപ്പെട്ടിട്ടു്. സ്വർഗ്ഗരാജ്യത്തിനവകാശികളായവരെ വിശ്വാസികളെന്നും ശിഷ്യന്മാരെന്നും തരംതിരിച്ചതായി പുതിയ നിയമത്തിൽ എവിടേയും കാണുന്നില്ല. എല്ലാ വിശ്വാസികളും ശിഷ്യന്മാരാണ്. ശിഷ്യന്മാരല്ലാത്തവർ വിശ്വാസികളല്ല. വിശ്വാസത്തിന്റെ യഥാർത്ഥഫലമാണ് ശിഷ്യത്വം.

ഹൃദയപരമാർത്ഥതയോടെ, സത്യസന്ധതയോടെ നമുക്ക് ബൈബിൾ വായിക്കാം. അങ്ങനെ ചെയ്താൽ പൂർണ്ണ സമർപ്പണവും ക്രിസ്തുവിനോടുള്ള പുർണ്ണ അനുസരണയുമായിരിക്കും അതിന്റെ ഫലം.